കോട്ടയം മാസിക.

ലക്കം 2. } 1921 മെയ് { ലക്കം 5.

പിതാവിന്റെ പ്രാർത്ഥന.

(സി. കെ. നാരായണപിള്ള, കോട്ടയം.)

ശങ്കരാഭരണം.—ചാപ്പു.

പല്ലവി.

യേശുമിശിഹാ! മഹേശ! ജഗദീശ!
ത്രിനേത്രാ! കൃപാം ദേഹി മെ.

അനുപല്ലവി.

സത്യസ്വരൂപ! സകലലോക നായക!
പ്രതിപ്രദായക! പാഹിമാം ദൈവമെ യേശു

ചരണങ്ങൾ.

പാവനമൂർത്തെ! നിൻ പേരുകൾ നിത്യവും
പാവനമാകട്ടെ പാരിലും വാനിലും യേശു

സ്വർഗ്ഗനിലയനാ! സ്വർഗ്ഗത്തിലെന്നപോൽ
നിൻകരത്തെ നിൻ ഹിതമെന്നുമിപ്പാരിലും യേശു

കാമബീജങ്ങളായുള്ള പരീക്ഷയിൽ
പായിച്ചിടാതെ നീ പാലിക്ക ഞങ്ങളെ യേശു

മറ്റുള്ളവരുടെ കുറ്റങ്ങൾ ഞങ്ങളോ
മുറ്റും ക്ഷമിക്കുന്നപോലങ്ങളോടിഹ
തെറ്റുകളാകെ ക്ഷമിക്കുവാൻ പോന്നവി! നി-
യുറവു തുണക്കേണം കൊറ്റിനുമേകണം യേശു

രാജ്യവും, ശക്തിയും, നിത്യമഹത്വവും
രാജ്യാധിപത്യവും നിന്നിലെ നിത്യവും
പൂജ്യൻ, പുരാതനൻ, പൂർണ്ണനാലയൻ,
പൂജിപ്പോക്കാനന്ദമേകുന്ന ദൈവമെ! യേശു

കത്തോലിക്കാമതവും വിജ്ഞാനാഭിവൃദ്ധിയും.

(റവ. ഫാദർ. തോമസ് പ്ലാസ്കേരി)

കത്തോലിക്കാമതം, ദൈവത്തിൽ നിന്നുള്ള ആശ്വാസങ്ങളുടേയും മനുഷ്യരിൽ നിന്നുള്ള പീഡകളുടേയും മദ്ധ്യേ ലോകത്തിൽ കൂടെ കടന്നുപോകുന്നുവെന്ന മഹാനായ വിശുദ്ധ ആഗസ്തീനോസു പ്രസ്താവിച്ചിരിക്കുന്നു. മനുഷ്യർ ഈ മതത്തെ പീഡിപ്പിക്കുന്നതിനു തുടങ്ങിയതു് ഇന്നും ഇന്നലെയും അല്ലാ. ഇതിന്റെ അംഗങ്ങളിൻ അനേകലക്ഷംപേർ ശത്രുക്കളുടെ കോപാഗ്നിയ്ക്കു് ഇരയായി ഭവിച്ചതു നിമിത്തം അവരുടെ രക്തം പട്ടണങ്ങളിലും തെരുവീഥികളിലും കൂടി നദീജലം കണക്കെ പ്രവഹിക്കയുണ്ടായിട്ടുണ്ടു്. ഖഡ്ഗപ്രയോഗത്തിന്റെയും രക്തപ്രവാഹത്തിന്റെയും കാലങ്ങൾ മിക്കവാറും അവസാനിച്ചതുപോലെ തോന്നിപ്പോകുന്നു. എങ്കിലും കത്തോലിക്കാമതത്തെ ദൂഷണങ്ങൾകൊണ്ടു് അനാവശ്യമായി ആക്രമിക്കുന്നവരുടെ സംഖ്യ നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു. ജൂലിയൻ, ആരിയൂസ്, നെസ്റോറിയസ്, ലൂത്തർ, കാൽവിൻ മുതലായവർക്കു് എല്ലാക്കാലങ്ങളിലും അനന്തിരഗാമികൾ ഉണ്ടു്. അർവാചീനകാലങ്ങളിൽ സഭയ്ക്കെതിരായി ശത്രുക്കൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന അപവാദങ്ങളിൽ ഒന്നു് അതു് കത്തോലിക്കസഭ വിജ്ഞാനാഭിവൃദ്ധിയേയും ശാസ്ത്രീയജ്ഞാനത്തേയും പ്രതിരോധിക്കുന്ന എന്നുള്ളതാണു്. ഈ അധിക്ഷേപത്തിനു് യാതൊരടിസ്ഥാനവും ഇല്ലെന്നു നിഷ്പക്ഷപക്ഷപാതമായ ചരിത്രത്തെ പാരായണം ചെയ്യുന്ന സഹൃദയന്മാരേവർക്കും ബോദ്ധ്യമാകുന്നതാണു്. കത്തോലിക്കാസഭ പ്രകൃതിശാസ്ത്രത്തിന്റെയും വിജ്ഞാനാഭിവൃദ്ധിയുടേയും ശത്രുവാണെന്നു പറയുന്നതിനേക്കാൾ വിശ്വാസ്യമായിരിക്കുന്നതു് സൂര്യൻ, സ്വതവേ പ്രകാശത്തെയല്ലാ അന്ധകാരത്തെയാണു് പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നതെന്നു് പ്രസ്താവിക്കുന്നതാണു്. ലോകചരിത്രത്തിന്റെ ഒരു സാമാന്യജ്ഞാനം സിദ്ധിച്ചിട്ടുള്ളവരേവരും കത്തോലിക്കാസഭ സകലവിധ കലാവിദ്യകളുടേയും ശാസ്ത്രങ്ങളുടേയും വാത്സല്യമാതാവാകുന്നുവെന്നും പ്രത്യുത, അതു് യാതൊരു വിധേനയും ശാസ്ത്രീയജ്ഞാനത്തിനും വിജ്ഞാനാഭിവൃദ്ധിക്കും പ്രതിബന്ധമായി നിന്നിട്ടില്ലെന്നും സാദരം സമ്മതിക്കുന്നതാകുന്നു. സഭ റോമാചക്രവർത്തിമാരാൽ ഭയങ്കരമായി പീഡിപ്പിക്കപ്പെട്ട പ്രാരംഭകാലങ്ങളിൽപോലും പണ്ഡിതന്മാരും മഹാന്മാരും ആയ അസംഖ്യം ആളുകൾ ഇതിന്റെ അംഗങ്ങളുടെ കൂട്ടത്തിൽ ഉണ്ടായിരുന്നുവെന്ന വസ്തുതയ്ക്കു് ഏതുയോക്തിയ്ക്കും അഭിമാനജനകവും ആയിട്ടുള്ള സംഗതിയാകുന്നു. സഭാപിതാക്കന്മാർ എന്ന നാമത്താൽ സാദരം സ്മരിക്കപ്പെടുന്നവരും അഗാധമായ ശാസ്ത്രീയജ്ഞാനത്താലും ബുദ്ധിവൈഭവത്താലും പ്രഖ്യാതന്മാരായി തീർന്നിട്ടുള്ളവരും ആയ വി. ഇറനേവുസ്, വി. ക്ലേമെൻറ് വി. അത്തനാസീസ്, വി. ഇഗ്നേഷ്യസ്, വി. സിപ്രിയൻ, വി. എഫ്രേം, വി. ബസീലിയൂസ്, വി. ഗ്രീഗോരിയോസ്, വി. ഗ്രിഗറിനസിയാൻസൻ, വി. ക്രിസോസ്റ്റോമോസ്, വി. അംബ്രോസിസ്, വി. ആഗ്സ്തീനോസ്, വി. വിൻസെൻസ് ലെറീൻ, ഒറിജൻ, തെർത്തുല്യൻ മുതലായ മഹാന്മാരെ തന്റെ മടിയിൽ വെച്ചു വളർത്തിയ സഭ വിജ്ഞാനാഭിവൃദ്ധിയുടേയും ശാസ്ത്രങ്ങളുടെയും ശത്രുവാണെന്നു പറയുന്നതു് സാഹസമല്ലയോ? ഇവർ ഇവരുടെ സമകാലീനന്മാരുടെ കൂട്ടത്തിൽ മാത്രമല്ല വിദ്വാന്മാരായി ശോഭിച്ചിട്ടുള്ളതു്. പണ്ഡിതലോകം മുഴുവന്റെയും വി

സ്തുത്തിനും പ്രശംസയ്ക്കും വിഷയമായി തീരേണ്ട ഇവരുടെ കൃതികൾ കത്തോലിക്കാസഭ ശാസ്ത്രത്തിന്റെയും വിദ്യാഭിവൃദ്ധിയുടേയും ശത്രുവാണെന്നുള്ള ദുഷ്പ്രവാദത്തെ പാടെ ഖണ്ഡിക്കുന്നതിന് പര്യാപ്തങ്ങളാണ്. കത്തോലിക്കാസഭയുടെ ദിവ്യസ്ഥാപകൻ ലോകം മുഴുവനിലും സുവിശേഷം അറിയിക്കുന്നതിനായി ഈ സഭയെ ചുമതലപ്പെടുത്തിയിട്ടുണ്ടല്ലോ. ഈ ഗൌരവമേറിയ കാര്യം സഫലീകൃതമാക്കുന്നതിന് വിജ്ഞാനാഭിവൃദ്ധി വളരെ ഉപകരിക്കുമെന്നു മാത്രമല്ല അത്യാവശ്യമെന്നു കൂടിയാണ് സഭ വിശ്വസിച്ചുകൊണ്ടിരിക്കുന്നത്. തൽഫലം സഭയ്ക്ക് സ്വാതന്ത്ര്യം സിദ്ധിച്ചിട്ടുള്ള എല്ലാ സ്ഥലങ്ങളിലും പാഠശാലകൾ സ്ഥാപിക്കുന്നതിനും വിദ്യ അഭ്യസിപ്പിക്കുന്നതിനും സഭ പ്രാചീനകാലം മുതൽ അനന്യാദൃശമായ ഉൽകണ്ഠയും ഔൽസുക്യവും പ്രദർശിപ്പിച്ചുകൊണ്ടിരുന്നു. റോമാചക്രവർത്തികളുമായുള്ള ഭയങ്കരവും ദീർഘവുമായ സമരം സഭയ്ക്ക് അനുകൂലമായി പരിണമിക്കുകയും തദ്വാരാ സഭ റോമിലെ അന്തർഭേദമികച്ചറകളിൽ നിന്നും പുറത്തിറങ്ങി സൈരമായി വസിക്കുകയും ചെയ്തതു മുതൽ ഏതൽക്കാലപര്യന്തം അത് വിദ്യാഭ്യാസത്തിന്റെയും പരിഷ്കാരത്തിന്റെയും രക്ഷാകർത്രിയായി നിൽക്കുന്നുവെന്നു തന്നെ പറയാം. കത്തോലിക്കാസഭയുടെ പരമാധ്യക്ഷന്മാരായ പാപ്പാമാർ എല്ലാക്കാലങ്ങളിലും വിദ്യാഭ്യാസത്തേയും ശാസ്ത്രീയാഭിവൃദ്ധിയേയും ആദരിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്തിട്ടുണ്ടെന്ന് ചരിത്രം നിർവിവാദമായി തെളിയിക്കുന്നു. സഭയുടെ കീഴുള്ള ഓരോ ഇടവകകളിലും ഓരോ പ്രഥമീകവിദ്യാലയങ്ങൾ ഉണ്ടായിരിക്കണമെന്നും അവകളിൽ സാധുക്കളും നിർധനന്മാരും ആയ കുട്ടികളെ യാതൊരു പ്രതിഫലവും വാങ്ങാതെ പഠിപ്പിക്കണമെന്നും പുരാതനകാലങ്ങളിൽ തന്നെയും ഒരു വ്യവസ്ഥ ഉണ്ടായിരുന്നു. പ്രാഥമീകവിദ്യാലയങ്ങൾക്കു പുറമെ, ഉൽകൃഷ്ടവിദ്യാഭ്യാസത്തിനായി ഓരോ മെത്രാസനങ്ങളോടും അനുബന്ധിച്ച് ഓരോ സ്കൂളുകൾ ഏർപ്പെടുത്തപ്പെട്ടിരുന്നു. ക്രിസ്താബ്ദം 1400-ാമാണ്ടിടയ്ക്ക് പ്രോഗിലെമെത്രാസനത്തിനു കീഴ് 640 പ്രാഥമീകവിദ്യാലയങ്ങൾ ഉണ്ടായിരുന്നു. ലൂഥർ തന്റെ പുതിയ മതം പ്രസംഗിക്കുന്നതിനു മുമ്പ് അതായതു ജർമ്മനി ഒരു കത്തോലിക്കാരാജ്യമായിരുന്ന കാലത്ത് അവിടുത്തെ 63 മെത്രാസനങ്ങളുടെയും കീഴിലായി 40,000 പ്രാഥമീകവിദ്യാലയങ്ങൾ ഉണ്ടായിരുന്നു. മറുള്ള രാജ്യങ്ങളിലെ സ്ഥിതിയും ഏറക്കുറെ ഇതുപോലെ തന്നെ ആയിരുന്നു. ഉൽകൃഷ്ടവിദ്യാഭ്യാസത്തിന്റെ വിഷയത്തിൽ സഭ എത്രമാത്രം ശ്രദ്ധപതിച്ചിരുന്നു എന്നുള്ളതിനു്, 16-ാം നൂറാണ്ടിനു മുമ്പ് സഭയുടെ നേതൃത്വത്തിൽ സ്ഥാപിച്ച് നടത്തപ്പെട്ടിരുന്ന അനേകം സർവകലാശാലകളിൽ നിന്നു് വിദിതമാകുന്നുണ്ടല്ലോ. കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ യൂറോപ്പിൽ ഒട്ടും അപ്രധാനമല്ലാത്ത 66 സർവ്വകലാശാലകൾ സ്ഥാപിക്കപ്പെട്ടിരുന്നു. ഇവയിൽ 17 ഇറ്റലിയിലും 14 ജർമ്മനിയിലും 12 ഫ്രാൻസിലും 10 സ്പെയിനിലും, പോർത്തുഗാളിലും കൂടിയും 2 ഇംഗ്ലണ്ടിലും 11 ശേഷം രാജ്യങ്ങളിലും ആയിരുന്നു. 14-ാം നൂറാണ്ടിന്റെ അവസാനഘട്ടത്തിൽ ബോളോനിയായിലെ സർവ്വകലാശാലയിൽ 13,000 വിദ്യാർത്ഥികളും ഓക്സ്ഫോർഡ് സർവകലാശാലയിൽ 30,000 വിദ്യാർത്ഥികളും ഉണ്ടായിരുന്നു. ഇതിൽ നിന്നും പ്രസ്തുതകാലഘട്ടത്തിൽ ഈ സർവ്വകലാശാലകൾ എത്ര ഊർജ്ജിതമായവിധത്തിൽ നടത്തപ്പെട്ടിരുന്നുവെന്നു ഊഹിക്കാമല്ലോ. ആധുനികവിദ്യാഭ്യാസധുരന്ധരന്മാർ അന്നത്തെ സർവകലാശാലകളേയും അവകൾ നടത്തപ്പെട്ടിരുന്ന രീതിയേയും പറ്റി എത്രതന്നെ പുച്ഛമായി സംസാരിക്കുന്നതായിരുന്നാലും വി. ബെർണ്ണാർഡ് അൽബെർത്തുസ് മാഗ്നസ്, സെൻറ് തോ

മസ് അകിനാസ്, സെൻറ് ബൊനവെന്തുരാ, ഡൺസ്കോട്ട്, അലക്സാണ്ടർഓഫ് ഹാലസ് മുതലായവരേപ്പോലെയുള്ള മഹാശാസ്ത്രജ്ഞന്മാരേയും കവികലശിരോമണികളായ ഡാൽടി, പെട്രാക്ക്, ചാവുസൻ സർതോമ്മസ് മൂർ മുതലായ മഹാന്മാരേയും ലോകത്തിനു പ്രദാനം ചെയ്തിട്ടുള്ള ഈ സ്ഥാപനങ്ങൾ ആധുനിക സർവ്വകലാശാലകളേക്കാൾ ഏറെറം താണനിലയിലായിരുന്നു നടത്തപ്പെട്ടിരുന്നതെന്നു വിശ്വസിക്കുക ശ്രമകരം തന്നെ. തത്വശാസ്ത്രാദികളായ പ്രൌഢവിഷയങ്ങളിൽ അനശ്വരമായ കീർത്തി സമ്പാദിച്ചിട്ടുള്ള മഹാന്മാരുടെ ഒരു വലിയ സംഘം കത്തോലിക്കാസഭയിലുണ്ടായിരുന്നുവെന്നുള്ളതു സർവ്വവിദിതമായ കൃത്യമത്രെ. അപ്രകാരം തന്നെ പ്രാകൃതികശാസ്ത്രങ്ങളിലും അനിതരസാധാരണമായ പ്രശസ്തി നേടിയിട്ടുള്ള മഹാന്മാരിൽ ഭൂരിപക്ഷവും കത്തോലിക്കാസഭയുടെ മക്കളായിരുന്നു.

അർവ്വാചീനകാലങ്ങളിൽ തന്നെയും പ്രാകൃതികശാസ്ത്രങ്ങളിൽ വ്യൽപ്പത്തി നേടിയിട്ടുള്ള മഹാന്മാരുടെ പേരു മാത്രം എടുത്തു പറയുന്നതായാൽ ഈ ഉപന്യാസം ക്രമത്തിലധികം ദീർഘിച്ചു പോകുന്നതാണ്. അതിനാൽ മററു ശാസ്ത്രങ്ങളിലേക്കു കടക്കാതെ ജ്യോതിശാസ്ത്രത്തിൽ മാത്രം പ്രഖ്യാതന്മാരായി തീർന്നിട്ടുള്ള ചില മഹാന്മാരുടെ പേരുകൾ ഇവിടെ എടുത്തു പറയാമെന്നു വിചാരിക്കുന്നു. ഭൂമി ഗോളാകൃതിയിലാകുന്നതും അതിൻെറ മറുഭാഗത്തു മനുഷ്യർ അധിവസിക്കുന്നുണ്ടെന്നും ആദ്യമായി കണ്ടുപിടിച്ചതു സാലിസ്ബറിലെ തെയോപ്പോലീത്തായായ വിർജിലിയൂസ് ആയിരുന്നു. സൂര്യൻ ഭൂമിയെ ചുറ്റുന്നുവെന്ന അഭിപ്രായം തെറാറാണെന്നും പ്രത്യുത ഭൂമിയാണ് സൂര്യനെ ചുറ്റുന്നതെന്നും ആദ്യമായി പ്രസിദ്ധപ്പെടുത്തിച്ചതു കാർഡിനൽ നിക്കോളാവൂസ് ഡെക്രുസാ എന്ന മഹാനാണ്. ഗ്രഹങ്ങളുടെ ചലനങ്ങളുടെ യഥാർത്ഥമായ ഗതിയെ കണ്ടുപിടിച്ചതു പ്രസിദ്ധ ജ്യോതിശാസ്ത്രജ്ഞനായ കൊപ്പർണ്ണിക്കുസ് എന്ന മഹാനാണ്. ലെവെറിയർ എന്ന മഹാൻ എന്ന നെപ്ട്യൂൻ ഗ്രഹത്തെ കണ്ടുപിടിച്ചു. ഇദ്ദേഹം തൻെറ സമാനകാലീനന്മാരായ ജ്യോതിശാസ്ത്രജ്ഞന്മാരുടെകൂട്ടത്തിൽ പ്രഥമഗണനീയനായിരുന്നു. സൂര്യൻെറ ഘടനാസമ്പ്രദായത്തെക്കുറിച്ചുള്ള അനുമാനം മൂലം പ്രസിദ്ധനായിത്തീർന്ന മറെറാരാളാണ് ഹർഷൽ. ധൂമകേതുക്കളിൽ ഉണ്ടാകുന്ന ഗ്രഹണങ്ങളെ കണ്ടുപിടിച്ചതു ഗ്രാസ്സി എന്ന മഹാനാണ്. കാലങ്ങളുടെ ദൈർഘ്യത്തെ ശരിയായി നിർണ്ണയിക്കുന്നതിനു സാധിച്ചതു ഹെജിയോമൊൻടാനസ് എന്ന മഹാനാണ്. ഫാദർ സ്കീനസ് എന്ന മഹാൻ സൂര്യനിലുള്ള അങ്കങ്ങളെ ആദ്യമായി കണ്ടുപിടിച്ചു. ഇതിനും പുറമേ സൂര്യനേയും നക്ഷത്രങ്ങളേയും കുറിച്ചു ധാരാളം നൂതനമായിട്ടുള്ള കാര്യങ്ങൾ കണ്ടുപിടിച്ച സെക്കി എന്ന മഹാൻെറയും, മാർസിൻെറയും ജൂപിറററിൻെറയും മദ്ധ്യത്തിലുള്ള അനേകം ചെറിയ ഗ്രഹങ്ങളെ കണ്ടുപിടിച്ച ജോസഫ് പിയാസ്സി എന്ന മഹാൻെറയും നാമങ്ങൾ പ്രത്യേകം പ്രസ്താവാർഹങ്ങളാണ്. ഇവരെല്ലാരും ജ്യോതിശാസ്ത്രത്തിനു കൂടുതൽ പ്രകാശം വരുത്തിയിട്ടുള്ളതു കൂടാതെ ഇവർ അനുസരിച്ചു പോന്നിരുന്ന കത്തോലിക്കാമതത്തിൻെറ യശസ്സിനേയും പ്രതാപത്തേയും വർദ്ധിപ്പിച്ചിരുന്നു. കത്തോലിക്കാമതം ഭൌതികശാസ്ത്രങ്ങളേയോ വിജ്ഞാനാഭിവൃദ്ധിയേയോ ഭയപ്പെടുന്നില്ല. "അജ്ഞാനം നമ്മെ ദൈവത്തിൽ നിന്നും വിദൂരത്തിൽ അകററിക്കളയുന്നതുപോലെ വിജ്ഞാനം നമ്മെ ദൈവത്തിങ്കലേക്കു അടുപ്പിക്കുന്നു" എന്നു ബേക്കൻ പറഞ്ഞിട്ടുള്ളതിനെ സഭ പൂർണ്ണമായി വിശ്വസിച്ചിരിക്കയാണ്. വാസ്തവത്തിൽ കത്തോലിക്കാമതം ഭയപ്പെടുന്ന ഒരു ശത്രുവിദ്യാവിഹീനത്വം മാത്രമാകുന്നു. ലോകം മുഴുവനേയും മാനസാന്തരപ്പെടുത്തുക

ന്നൊള്ള സഭയുടെ ദിവ്യനിയോഗത്തെ ഫലപ്രാപ്തമാക്കിതീർക്കുന്നതിന് അജ്ഞാനതമസ്സിന് ഒരു വലിയ പ്രതിബന്ധമായി നില്ക്കുന്നു. മതപീഡനത്തെ അതു നിശ്ശേഷം ഭയപ്പെടുന്നില്ലെന്നു മാത്രമല്ല തുണവൽക്കരിക്കുകയും ചെയ്യുന്നു. മതപീഡനത്തെ സഹിച്ചുകൊണ്ട് അതിനു സഹരന്തമായി വളർന്നുപോവാൻ കഴിയുന്നതിനെ അതിന്റെ പുരാതന ചരിത്രം തന്നെ തെളിയിക്കുന്നുണ്ട്. ദാരിദ്ര്യം അതിന്റെ ദിവ്യസ്ഥാപകനോടു് അതിനെ അനുരൂപപ്പെടുത്തുകയാൽ ദാരിദ്ര്യത്തെ അതു വാസ്തവത്തിൽ സ്നേഹിക്കയാണ് ചെയ്യുന്നതു്. എന്നാൽ വിദ്യാവിഹീനത്വം അതിന്റെ വഴിയിൽ ഒരു ഭയങ്കര രാക്ഷസനേപ്പോലെ നിൽക്കുന്നതായി കാണുന്നു. അജ്ഞാനതമസ്സിനെ ലോകത്തിൽ നിന്നും വിച്ഛേദനം ചെയ്യുന്നതിനാണ് സഭ മുഖ്യമായി അദ്ധ്വാനിക്കയും പ്രയത്നിക്കയും ചെയ്യുന്നതു്. ഇതിലേക്കുള്ള അധികാരപത്രം അവൾക്കു അവളുടെ ദിവ്യസ്ഥാപകനിൽ നിന്നും ലഭിച്ചിട്ടുണ്ടു്. ക്രിസ്ത്യാനിലോകത്തിൽ ആദ്യമായി പാഠശാലകൾ സ്ഥാപിച്ചതു് അവൾതന്നെയാകുന്നു. ക്രിസ്ത്യാനിലോകത്തിൽ മഹാന്മാരായി ശോഭിച്ചവരെ അവളുടെ ദിവ്യമായിട്ടുള്ള ഉറവകളിലെ നിർമ്മല ജലത്തിൽ നിന്നും പാനം ചെയ്യുന്നതിനായി അവൾ വിളിച്ചുകൂട്ടിയിരുന്നു. പ്രാചീനപരിഷ്കാരത്തിന്റെ അവശിഷ്ടങ്ങൾ കിരാതഭ്രാന്തികാരുടെ നശീകരാഗ്നിയിൽ നിന്നും അവൾ സംരക്ഷിച്ചു. അവളുടെ മടിയിൽനിന്നും വിദ്യാഭ്യാസകാര്യത്തിനുവേണ്ടിമാത്രം പരിശ്രമിക്കുന്നവരായ അസംഖ്യം സന്ന്യാസികളും സന്ന്യാസിനികളും ലോകം മുഴുവനിലും പോയി വിദ്യാഭ്യാസവേലയെ സ്തുത്യർഹമാം വണ്ണം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷന്മാരായ പാപ്പാമാർ വിദ്യാഭിവൃദ്ധിക്കായി എല്ലാകാലങ്ങളിലും സ്തുത്യർഹമാംവണ്ണം പരിശ്രമിച്ചിട്ടുള്ളതുകൊണ്ടു് മാനസികലോകത്തിൽ ഉൽകൃഷ്ടമായ പദവിയിലെത്തിയിട്ടുള്ളവരവരുടെയും കൃതജ്ഞതക്കും സ്നേഹത്തിനും അവൾ അർഹന്മാരായി തീർന്നിട്ടുണ്ട്. അതിനാൽ കത്തോലിക്കാസഭ വിജ്ഞാനാഭിവൃദ്ധിയുടെയും പരിഷ്കാരത്തിന്റെയും ശത്രുവാണെന്നുള്ള വാദത്തിന് വിലയോ നിലയോ ഇല്ലെന്നു സിദ്ധിക്കുന്നു.

വെമ്പലനാട്ടിലെ മാന്നാർ.

[തുടർച്ച]

(ആയാംകുടി പി. ജെർ. ശങ്കരപ്പിള്ള.)

കുട്ടനാടുതന്നെ പഴയകാലത്തു് ക്രിസ്ത്യാനികളുടെ ഒരു പ്രധാന സങ്കേതസ്ഥലമായിരുന്നു എന്നു് മുമ്പുതന്നെ പ്രസ്താവിച്ചുവല്ലൊ. കുട്ടനാടിപ്പോലത്തിന് പടിഞ്ഞാറുഭാഗത്തു് അടുത്തുതന്നെ മുമ്പു ഒരു സിമ്മനാരി സ്ഥിതിചെയ്തിരുന്നു. ആ സ്ഥലത്തിനിപ്പോഴും സിമ്മനാരിപ്പറമ്പെന്നു തന്നെയാണു പേരു പറഞ്ഞുവരുന്നതു്. ആ പരയിടത്തിൽ അധിവസിക്കുന്ന ഒരു ക്രിസ്ത്യാനിയുടെ കുടുംബനാമധേയവും സിമ്മനാരി എന്നു തന്നെയാണു്. മുമ്പു ചിലർ ഏതോ ആവശ്യത്തിനു ആ പുരയിടത്തിൽ കഴിച്ചപ്പോൾ ഈ ഊഹത്തെ തെളിയിക്കത്തക്ക വിധത്തിലുള്ള ചില ലക്ഷ്യങ്ങൾ കാണുകയുണ്ടായി. ഒരു കാലത്തു് ഏതോ വലിയ കെട്ടിടങ്ങൾ അവിടെ സ്ഥിതിചെയ്തിരുന്നുവെന്നുള്ളതിനു ഭൂമികിടയിൽ കിടക്കുന്ന ഒതുക്കുകല്ലും മറ്റും സാക്ഷ്യം വഹിക്കുന്നുണ്ടു്. വളരെ ബലത്തിലും

ഘനത്തിലും പിരിച്ചിട്ടുള്ള വടത്തി ന്റെ അവശിഷ്ടങ്ങളും അവിടെനി ന്നും കണ്ടെടുക്കുകയുണ്ടായി.

കല്ലുശ്ശേരിപള്ളി ഇടവകക്കാരനായ ഇട്ടിത്തൊമ്മൻകത്തനാർ എന്ന ദേ ഹം ഒരു കാലത്ത് ഈ സിമ്മനാരിയി ലെ മല്പാനായിരുന്നുവത്രെ. ബാല രാമവർമ്മ മഹാരാജാവു നാടുവാണിരു ന്ന കാലത്തു് മാത്തൂത്തരകന്റെ വം ശത്തിൽപെട്ട ഒരു മല്പാൻ ഈ സി മ്മനാരിയെ ഭരിച്ചിരുന്നു. തരകനെ നാട്ടിൽനിന്നു ബഹിഷ്കരിച്ച കൂട്ട ത്തിൽ ഈ മല്പാനേയും ഇവിടെനി ന്നു പിടിച്ചുകൊണ്ടു പോയതായി പ ഴമക്കാർ പറയുന്നതിൽ എത്രമാത്രം വാസ്തവമുണ്ടെന്നു് നിശ്ചയമില്ല. അ ന്നുമുതല്ക്കാണത്രെ ഈ സിമ്മനാരി നശിക്കുവാൻ ആരംഭിച്ചതു്.

ചരിത്രത്തിൽ അലക്സാണ്ടർ ദികാ പ്പൊ എന്നറിയപ്പെട്ടിരുന്ന ദേഹമായ പാവിൽ ചാണ്ടി കത്തനാർക്കു് കർമ്മ ലീത്താമെത്രാനായ യ�െസേപ്പു സെ ബസ്ത്യാനി എന്ന ദേഹം കടുത്തുരു ത്തിപള്ളിയിൽ വെച്ചു് മെത്രാസ്ഥാ നം കൊടുത്തിട്ടുണ്ടെന്നുള്ളതും സ്മരണീ യമാണു്.

പഴയകാലത്തു് വെമ്പലനാട്ടിലെ ഒരു പ്രധാനമായ വടക്കുംകൂറു് പെരുമ്പ ടപ്പിലേക്കു കീഴമന്ന ഒരു സപ്രുപ മായിരുന്നു. പക്ഷേ ആദികാലം മുത ൽ തന്നെ ഇപ്രകാരമായിരുന്നുവോ എന്നു നിശ്ചയിക്കുവാൻ നിവൃത്തി യില്ല. എങ്കിലും അവക്കു് ബന്ധുത്വ മുണ്ടായിരുന്നു എന്നതിനു ചില രേ ഖകൾ കാണുന്നുണ്ടു്. "1928-ാമാണ്ടു കർക്കടകമാസത്തിൽ പെരുമ്പടപ്പു സപ്രുപവും തിരുവിതാംകൂറും തമ്മിൽ മാവേലിക്കരെവെച്ചു് ഒരുടമ്പടിയു ണ്ടായിട്ടുള്ളതിൽ ഇങ്ങിനെ പറഞ്ഞു കാണുന്നു. "വടക്കുംകൂറിൽ സപ്രു പം പെരുമ്പടപ്പിലെ കീഴമന്ന സപ്രു പിയാകകൊണ്ടു് ഏതാനും ചില ഏറ്ററക്കുറവു് തുപ്പാപ്പു സപ്രുപ ത്തോടു് ചെയ്യ എങ്കിൽ കൂടി അ ന്യോന്യം പറഞ്ഞു വെച്ചുകൊൾക എ ന്നും അല്ലാതെ തുപ്പാപ്പു സപ്രുപ ത്തിങ്കൽ നിന്നു പ്രത്യേകം ഒരു ചോ ദ്യം ചെയ്യരുതു്" എന്നും ആയിരുന്നു. ഇങ്ങനെയാണെങ്കിലും വടക്കുംകൂർ സപ്രുപം വളരെ പ്രാബല്യത്തിലിരു ന്നുവെന്നതിനു സന്ദേഹമില്ല. പഴ യകാലത്തു് രാജകുടുംബങ്ങൾ പല ശാഖകളായിപ്പിരിഞ്ഞു പല സ്ഥലങ്ങ ളിൽ താമസിച്ചിരുന്നു. തിരുവിതാം കൂർ, കൊച്ചി, വടക്കുംകൂർ, മുതലായ രാജ്യങ്ങളിലെ സ്ഥിതികളൊക്കെത്ത ന്നെ ഇപ്രകാരമായിരുന്നു വടക്കും കൂർ വക കൊട്ടാരങ്ങളും ഇതുപോലെ പല സ്ഥലങ്ങളിലായിട്ടാണു് സ്ഥിതി ചെയ്തിരുന്നതു്. ഉണ്ണുനീലി സന്ദേശ ത്തിലെ കഥ നടന്നകാലത്തു് അവയി ൽ പ്രധാന്യമായിരുന്നതു് കടുത്തുരു ത്തിയായിരുന്നു. എന്നാൽ അക്കാല ത്തു് കടുത്തുരുത്തിയിൽ മാത്രമല്ലാ ആ കുടുംബത്തിലെ അംഗങ്ങൾ അധിവ സിച്ചിരുന്നതു്. അക്കാലത്തു് വടക്കും കൂറ്റിൽ എട്ടു പ്രധാനദേശങ്ങൾ ഉ ണ്ടായിരുന്നതായി ശ്രീമാൻ മിസ്റ്റർ പി. ജെ. തോമസ്സു് പറയുന്നു. ആ സ്ഥലങ്ങൾ വടയാറു്, കടുത്തുരുത്തി, മാന്നാറു്, മന്നാററി പുടിക്കാലു, വെ ള്ളാശേരി, കീഴ്പേർ, മാഞ്ഞൂർ ഇവയാ ണു്. ഇവയിൽ പുടിക്കാലു എന്നു പറഞ്ഞിരിക്കുന്നതു് ഇപ്പോൾ പൂഴി ക്കോൽ എന്നു് വിളിക്കപ്പെടുന്ന സ്ഥ ലമാണെന്നുള്ളതിനു സംശയമില്ല. ഈ സ്ഥലങ്ങളെപ്പറ്റിയെല്ലാം ഉദ്ദേശം രണ്ടു കാതത്തിനുള്ളിൽ സ്ഥിതിചെയ്യുന്നവ യാകുന്നു. പക്ഷേ അവർക്കു് ഇന്നത്തേതിൽ നിന്നു് വ്യത്യാസമു ണ്ടായിരുന്നിരിക്കണം. വടക്കുംകൂർ രാജ്യത്തിന്റെ വേറൊരു ശാസ നത്തിൽ പ്രസ്തുതകുടുംബാംഗങ്ങൾ വടയാറു, കടുത്തുരുത്തി, വെള്ളിലാ പ്പള്ളി, മാന്നാറു് എന്നീ സ്ഥലങ്ങളി ൽ താമസിച്ചിരുന്നതായി പറയുന്നു ണ്ടു്. വെള്ളിലാപ്പള്ളി വെള്ളാശേ രിയല്ലയോ എന്നു ഞാൻ സംശയി ക്കുന്നു. കൂടാതെ വെള്ളിലാപ്പിള്ളി എന്നൊരു സ്ഥലം സമീപപ്രദേശങ്ങ ളിലെങ്ങുമില്ലാതെ വന്നതും ഇതിനൊ രു ലക്ഷ്യമായിക്കരുതാവുന്നതാണു്. മാന്നാറു്, വെള്ളാശേരി, പൂഴിക്കോ ൽ, കീഴ്പേർ ഈ പ്രദേശങ്ങൾ ഏറ്ററ

വും, അടുത്തടുത്താണ് സ്ഥിതിചെയ്യുന്നതെന്ന് മാത്രമല്ല ഇപ്പോൾ ഈ നാലു കരക്കാരായ ഹിന്ദുക്കൾ യോജിച്ച് കീഴൂർ ഭഗവതി ക്ഷേത്രത്തിൽ പല വഴിപാടുകളും നടത്തുന്നതായുമുണ്ട്. ഈ നാലു യോഗക്കാർ തമ്മിലുള്ള ഐക്യം വളരെ പഴയകാലത്തു തന്നെ ആരംഭിച്ചിട്ടുള്ളതുമാണ്, വെള്ളാശേരി ഒരുകാലത്തു മാന്നാറു, കടുത്തുരുത്തി മുതലായവയെപ്പോലെ പ്രാധാന്യത്തിൽ ഇരുന്ന സ്ഥലമാണെന്നതിനു വേറെയും ചില ലക്ഷ്യങ്ങൾ കാണ്മാനുണ്ട്. പ്രാചീനകാലത്തു അവിടെ ഒരു വലിയ ക്ഷേത്രമുണ്ടായിരുന്നു. ആ ക്ഷേത്രത്തിന്റെ പേർ 'തത്തപ്പിള്ളി' എന്നാണ്. മാന്നാറു, കടുത്തുരുത്തി, മുതലായ സ്ഥലങ്ങളിലെപ്പോലെ വെള്ളാശേരി, പൂഴിക്കോൽ, കീഴൂർ എന്നീ പ്രദേശങ്ങളിൽ രാജകുടുംബമുണ്ടായിരുന്നതായി ലക്ഷ്യമൊന്നും കാണപ്പെടുന്നില്ല. പ്രസ്തുതദേവാലയത്തിനോടു സംബന്ധിച്ച് പല വലിയ കരിങ്കല്ലുകളും കുളവും കിണറുമൊക്കെ കാടിനുള്ളിൽ ഇപ്പോഴും സ്ഥിതിചെയ്യുന്നുണ്ട്.

മാന്നാത്തു് എന്നും മന്നാറെന്നും രണ്ടു പേരുകൾ കാണുന്നതിൽ മന്നാറെന്നു ഏതാണെന്നു് തീർത്തുപറവാൻ നിവൃത്തിയില്ല മാന്നാറുതന്നെ രണ്ടായിട്ടു ഭാഗിച്ചിട്ടുണ്ട്, അതിൽ ഒരുഭാഗമാണോ മന്നാറെന്നു ചിലർ സംശയിച്ചേക്കാം. എന്നാൽ എന്റെ അഭിപ്രായം അങ്ങിനെയല്ല. പ്രസ്തുതസ്ഥലങ്ങളോടു സംബന്ധിച്ച 'മങ്ങാട്ട്' എന്നൊരു സ്ഥലം ഇപ്പോഴുണ്ട്. മന്നാറെന്നു മങ്ങാട്ടിയായതിനു ശേഷം മങ്ങാടായി വേഷം മാറിയതല്ലയോ എന്നു് എനിക്കു സംശയമുണ്ട്. ഈ സ്ഥലം കടുത്തുരുത്തിക്കു് അല്പം വടക്കുകിഴക്കായിട്ടാണ് സ്ഥിതിചെയ്യുന്നതു്. കൊട്ടാരത്തിൽപറമ്പെന്നൊരു പുരയിടം ഇപ്പോഴും അവിടെയുള്ളതുകൊണ്ടു് ഒരുകാലത്തവിടെ കൊട്ടാരം സ്ഥിതിചെയ്തിരുന്നുവെന്നു വിചാരിക്കാമോ? ഏതായാലും മങ്ങാടു വടക്കുംകൂർ രാജാക്കന്മാർ മൂത്തേടത്തു കുടുംബക്കാരോടു ചേർന്നു കിടന്നിരുന്ന സ്ഥലമാണെന്നതിനു സംശയമില്ല.

മാന്നാറിനെക്കുറിച്ചു് ഇങ്ങിനെയുള്ള ആശങ്കകൾക്കെന്നിരുന്നാലും തന്നെ അവകാശമില്ല. മാന്നാത്തുകൊട്ടാരം സ്ഥിതിചെയ്തിരുന്ന പുരയിടത്തിനിപ്പോഴും കോവിലകത്തിൽ (കോലോത്തു) പറമ്പെന്നു തന്നെ പേരു പറഞ്ഞു വരുന്നു. ഇപ്പോൾ ഈ പുരയിടം മൂത്തേടത്തു—പടിഞ്ഞാറ്റേടത്തു—പണിക്കരുടെ കൈവശമാണ്. ഈ കുടുംബക്കാർ വടക്കുംകൂർ രാജാക്കന്മാരുടെ ആശ്രിതന്മാരോ അഥവാ മന്ത്രിമാരോ ആയിരുന്നു. ഇവർ വടക്കുംകൂർ രാജാക്കന്മാരുടെ കൊട്ടാരത്തിനു സമീപം വെച്ചുതന്നെയും കീഴ്ഭാഗം ഓരോ ഭവനങ്ങളുണ്ട്. മാന്നാത്തുകൊട്ടാരമിരുന്ന പുരയിടത്തിൽ രാജധാനിയുടെ "നഷ്ടശിഷ്ടങ്ങളിൽ" അപൂർവ്വം ചില സാധനങ്ങൾ ഇപ്പോഴും സ്ഥിതിചെയ്യുന്നുണ്ട്. ഈ പുരയിടത്തിനു വടക്കുവശത്തുകൂടി വടയാറു വരെ ഒരു കല്ലേറ്റുമുക്കുടെ അസ്ഥിവാരം കാണുന്നതിൽ ഇടയ്ക്കു ചിലഭാഗങ്ങൾ മറഞ്ഞുപോയിട്ടുള്ള സ്ഥലത്തിനു ഇപ്പോഴും 'കോട്ടമുറി' എന്നുതന്നെ പേരു പറഞ്ഞു വരുന്നു. ഈ കോട്ട വളരെ ഘനത്തിലും ബലത്തിലുമാണ് പണിചെയ്തിച്ചിരുന്നതു് എന്നു അതിന്റെ അവശിഷ്ടങ്ങൾ തെളിയിക്കുന്നുണ്ട്. കീഴൂർ ഭഗവതി ക്ഷേത്രത്തിൽ നിന്നു പരിസരപ്രദേശങ്ങളിലേക്കു് 'ഉത്സവബലത്തിനു'—പറയ്ക്കെഴുന്നള്ളിച്ചു—പോകുമ്പോൾ മൂത്തേടത്ത കുടുംബക്കാർ പ്രസ്തുത കോലോത്തുംപറമ്പിൽ ഒരു പറവെയ്ക്കുന്ന പതിവു് ഇന്നും നടന്നു വരുന്നുണ്ട്. ഈ പറവെയ്ക്കുകയും എടുക്കുകയും ചെയ്യുതിനു ശേഷമേ മറ്റു സ്ഥലങ്ങളിൽ പറവെയ്ക്കുവാൻ പാടുള്ളു. ഈ സംഗതിയും മുൻപറഞ്ഞ വാസ്തവത്തെ ബലപ്പെടുത്തുകതന്നെ ചെയ്യുന്നു. മാന്നാറിന്റെ പടിഞ്ഞാറെ അതിരായി ഒരു മൺകോട്ടയുടെ ചില ഭാഗങ്ങളും ഇപ്പോൾ അവിടവിടെ കാണ്മാനുണ്ട്. വടക്കുംകൂർ രാജാക്കന്മാർ മൂത്തേടത്തു കുടുംബക്കാരുമാ

ന്നാത്ത ചില സ്ഥലങ്ങൾ അനുഭവമായിക്കൊണ്ടിട്ടുള്ളതായും അറിയുന്നു. മാന്നാത്തുതന്നെ രാജകുടുംബവക വേറൊരു കൊട്ടാരം കൂടിയുണ്ടായിരുന്നു. ആ പുരയിടത്തിനിപ്പോൾ ഭരദേവതപ്പുറമ്പെന്നാണ് പേരു പറയുന്നത്. അവിടെ രാജകുടുംബത്തിലെ പരദേവതയുടെ—ഭഗവതിയുടെ—ഒരു ക്ഷേത്രം സ്ഥിതിചെയ്യുന്നുണ്ട്. കൊട്ടാരത്തിന്റെ വടക്കെക്കെട്ടിലാണ് പരദേവതയെ പ്രതിഷ്ഠിച്ചിരുന്നതെന്നു് ഇവിടെ പലരുമാരും പറയുന്നുണ്ട്. കോട്ടാത്തും പറമ്പിൽനിന്നു് പരദേവതപ്പറമ്പിലേക്കു് ഉദ്ദേശം ഒരു മൈൽ ദൂരം വരും. ഭരദേവതപ്പുറമ്പിൽ കാണപ്പെട്ടിന്ന് കരകല്ലുകൊണ്ടുതന്നെ അടുക്കിലും വെട്ടുപ്പിലും കെട്ടിപിടിച്ചുള്ള ഒരു കിണറു മിക്കവാറും നികന്നിട്ടില്ലെന്നുതന്നെ പറയാം. കല്ലുകിക്കവാറും നികന്നുപോയിരിക്കുന്നുവെങ്കിലും അവിടവിടെകിടക്കുന്ന വലിയ കരിങ്കൽക്കഷണങ്ങൾ അതിന്റെ പൂർവകാലത്തെ മഹനീയസ്ഥിതികളെ വെളിവാക്കുന്നുണ്ട്. പരദേവതയുടെ അമ്പലംകൂടാതെ വേറെ നാലു ക്ഷേത്രങ്ങൾ കൂടി ഈ പ്രദേശത്തുണ്ട്. അവയിൽ ഒരു ക്ഷേത്രത്തിൽ മാത്രമേ ശരിയായി പൂജയും ശംഖുവിളിയും മറ്റും നടക്കുന്നുള്ളു. ഈ ക്ഷേത്രത്തിലെ ശാന്തിക്കാരനാണ് മറ്റു ക്ഷേത്രങ്ങളിൽ കൂടി പൂജ നടത്തേണ്ടതു്. ഈ ക്ഷേത്രം സാമാന്യം വലിപ്പമുള്ളതാണ്. ഇതിനു മേഞ്ഞിരുന്ന ചെമ്പുപലകകൾ കേടുവന്നതു നിമിത്തം കുറേവർഷങ്ങൾക്കുമുമ്പു് ഗവർമ്മേന്റിൽ നിന്നു പൊളിച്ചുകൊണ്ടുപോകുകയാണുണ്ടായതു്. ഇവിടെ നിന്നും അരമൈൽ കിഴക്കുമാറി സ്ഥിതിചെയ്യുന്ന ഇളമക്കുടിക്ഷേത്രം ഇപ്പോൾ മിക്കവാറും ഇടിഞ്ഞുപോയെങ്കിലും അവിടെക്കിടക്കുന്ന ശിലകളും കരിങ്കല്ലുകൊണ്ടു് വെടിപ്പായി പണിചെയ്യിച്ചിട്ടുള്ള ഒരു കുളങ്ങളും ക്ഷേത്രസംബന്ധമായ മറ്റവശിഷ്ടങ്ങളും കൂടിക്കാണുമ്പോഴാണ് ക്ഷേത്രത്തിന്റെ വലിപ്പവും പഴയകാലത്തെ പ്രൗഢിയും വ്യക്തമാകുന്നതു്. രേഷ്യക്കെന്നപോലെ സ്ഥലങ്ങൾക്കും ദേവന്മാക്കുപോലും ഗ്രഹപ്പിഴ സംഭവിച്ചുപോകുമെന്നു് ഈ വക സംശയങ്ങൾ ധാരാളം തെളിയിക്കുന്നുണ്ട്. ഈ ലേഖകൻ തന്നെ മാന്നാത്തു് ഒരു കിണറു കുഴിച്ചപ്പോൾ ദ്വിതീയിൽ നിന്നു വളരെ മാടോടിന്റെ (ക്രരോടു്) കഷണങ്ങളും മറ്റു ചിലദ്രവ്യങ്ങളുമൊക്കെ കാണപ്പെടുകയുണ്ടായി. ഈ വക ലക്ഷ്യങ്ങൾ വെച്ചുകൊണ്ടു് നോക്കുമ്പോൾ മാന്നാറും ഒരു കാലത്തു വളരെ ഉന്നതാവസ്ഥയെ പ്രാപിച്ചിരുന്നില്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. 'കുട്ടത്തുരുത്തികൊത്തുചേറ' എന്ന പ്രസിദ്ധികൊണ്ടു് ഒരു കാലത്തു് ആസ്ഥലം വാണിജ്യത്തിൽ മുന്നിന്നിരുന്നു എന്നനുമിക്കുന്നതുപോലെയുള്ള ലക്ഷ്യങ്ങളൊന്നും മാന്നാറിനെക്കുറിച്ചു പറവാനില്ലെങ്കിലും വ്യാപാരത്തിനു വളരെ സൌകര്യമുള്ള സ്ഥലമാണെന്നു് നിഷ്പ്രയാസം നിർണ്ണയിക്കാവുന്നതാണ്. ഈ സ്ഥലം മിക്കവാറും ഒരു ദേവിചായിത്തമാണെന്നു തന്നെ പറയാം. വള്ളത്തിൽ കൂടി സഞ്ചരിക്കുന്നതിനു പഴയകാലത്തെന്നപോലെ ഇപ്പോഴും പല സൌകര്യങ്ങളുമുണ്ടു്. മാന്നാറിന്റെ പ്രകൃതിയാണ് ഇവയിലൊക്കെ രസാവഹമായിട്ടുള്ളതു്. കണ്ണിനും കരളിനും ഒരുപോലെ ആനന്ദത്തെ ഉളവാക്കുന്ന പ്രദേശങ്ങൾ ഇവിടെ ധാരാളമുണ്ടു്. രാജധാനി, പ്രകൃതിമനോഹരത്വം, ഗതാഗതസൌകര്യം ഇവയെല്ലാമുള്ള സ്ഥിതിക്കു് വ്യാപാരവിഷയത്തിൽ കൂടി ഈ സ്ഥലം ഉന്നതിയെ പ്രാപിച്ചിരുന്നില്ലെന്നതാണു് നിശ്ചയം?

രസയണ്ട.

(വി. റവ. തോമസ്, പാലാ.)

രസയണ്ട രസം ദൃശ്യമിന്നെൻ
രസയുണ്ടേ രൂപ കായകാന്തി കൊണ്ടോൻ
അസമതപമെഴുന്ന നിന്നെയേവം
രസമായ് വീർത്തവനെത്ര ധീരനാവാം

വടിവൊട്ട പഠിച്ചൊരാശുഗോളോ
വടിവിൽ ക്ഷിപ്രമെടുത്തിടുന്നപോലെ
അടവൊട്ടുമറിഞ്ഞിടാതെ പടംവീ
ണതിനേരത്തിനിടയ്ക്കടിച്ചതാരും.

അതിവിസ്മയവിദ്യകാട്ടി നിത്യം
മതി കക്കുന്നൊരു കള്ളനാരഹോ നി
ന്മതിഗൂഢമണിഞ്ഞിയിന്നു വിജ്ഞ-
ക്കൊതിയൻ ജനമിവിട്ട ചോരനാരോ

കവിതാകമനീയമായ വേണ-
ക്കുഴിയാൽ കവിതാവധൂയെന്നപോലെ
ഹൃദയാമൃതകാന്തിയേറി നിന്നും-
കവമേറും കവരുന്ന കാഴ്ചയാലെന്നിൽ

പുറമേയെഴുമാളുകൾക്കു നിന്നെ
ത്തിരമോടൊന്നു പിടിച്ചു പോകിലപ്പോൾ
പുറമോടിയിലാശ മോശമെന്നായ്
പുറയും നീ ചെപ്പടിയായ് തകർന്നിന്നി

കവിതാവനിതന്നുലങ്കരിപ്പാൻ
കവിരാജൻ ഭുവിജാർനായപോലെ
ഭുവിയേ ജനതയ്ക്കു മോദമേകാൻ
ത്വരങ്ങും വഴിയായ് ഭവിച്ചതാവാം

വിലയേറെ വിരിഞ്ഞ ഗ്ലാസുപോലെ
നലമായ് മുകിയപണ്ടമെന്നപോലെ
വിലസുന്ന വിചിത്രലാത്തപോലെ
ഫലവത്തായ് നിജജന്മമമ്മ മെച്ചം

ഹൃയില്ലഴകുള്ള ചർമ്മയിങ്കൽ
കുവല്പ്പിമൊഴിയെന്ന കാട്ടുവാനോ
ഭുരുനൊളി നീ വെളിക്ക കാട്ടി
ന്നുവിൽ ശൂന്യതയുള്ളിലാണ്ടിടുന്നും.

പലവണ്ണമെഴുന്ന പാവപോലെ
അലമേൽ വീശിന രംഗിയെന്നപോലെ
ഉലകിൽ ക്ഷമയായ ശോഭയാൽ നി
വിലസുന്ന വിജയാത്തനെന്നപോലെ

മതിമതിരസയുണ്ടേ നിൻറെ വല്ലാത്ത തന്ത്ര
ച്ചതിയിനിയിതു മട്ടിൽ കഷ്ടമെന്തിനുവേണ്ടി
ക്ഷതി വലതുമേകും ചാരനോടൊപ്പമായി
ക്ഷിതിയിതിലതി കാന്ത്യാശ്രയനായ് മിന്നി

(നിർപ്പു.)

അമേരിക്കൻ ഇൻഡ്യന്മാർ എബ്രായരോ?

(ശ്രീ. ജെ. ജോസഫ്, കോട്ടയം.)

ഇസ്രായേല്യരിലെ കാണാതെപോയ പത്തുഗോത്രക്കാരാണ് അമേരിക്കൻഇൻഡ്യന്മാർ എന്നാ സ്ഥാപിക്കയും പരിശുദ്ധാത്മപ്രേരിതരായ വേദപുസ്തകപരിശോധകന്മാരുടെ ഏതദവധിയായ അന്വേഷണത്തിനു സാഹ്യമനുഷ്യരിക്കയും ചെയ്യുന്നുവിലും പെൻ എന്ന മഹാനാണ്. ഈ വർഗ്ഗങ്ങൾ തമ്മിലുള്ള ബാഹ്യമായ അഥവാ ആകൃതിയിലുള്ള സാദൃശ്യത്തെപ്പറ്റി അദ്ദേഹം പറയുന്നതു ഇപ്രകാരമാണ്: "അവരുടെ കുട്ടികളെ കാണുന്ന അവസരങ്ങളിലൊക്കെയും ഞാൻ ലണ്ടനിലെ യഹൂദത്തെരുവിലാണെന്നു തോന്നിപ്പോകുന്നു.". ഒരിക്കൽ ഒരു മിഷ്യനറി ഒരു ഇൻഡ്യൻപ്രമാണിയോട് അവരുടെ പൂർവ്വചരിത്രത്തെപ്പറ്റി ചോദിച്ചതിൽ അവയെല്ലാം പഴയനിയമത്തിൽ വിവരിച്ചിട്ടുണ്ടെന്നു പ്രസ്താവിച്ചതായി ഒരു അമേരിക്കൻപത്രത്തിൽ കാണുകയുണ്ടായി. ഡാക്ടർ പാറൻ എന്ന ദേഹം ഇക്കൂട്ടത്തിൽ ചിലരെ വേദപുസ്തകം പൊരുൾതിരിച്ചു കേൾപ്പിച്ചപ്പോൾ അവർ കേട്ട കഥകളെല്ലാംതന്നെ അവർ പാർമ്പര്യമായിട്ടു വിശ്വസിച്ചുപോരുന്ന വാസ്തവകഥകൾ ആണെന്നാണ് മറുപടി പറഞ്ഞതു്. കൂടാതെ യഹൂദന്മാരുടെ "എൻസൈക്ലോപീഡിയാ" എന്ന ശാസ്ത്രവലയത്തിൽ ഇതിന്റെ യാഥാർത്ഥ്യം നിശ്ചയമില്ലെന്നുള്ള ആക്ഷേപത്തോടുകൂടിയെങ്കിലും

സംഗതി പ്രസ്താവിതമായിട്ടുണ്ട്. ഈ രണ്ടു കൂട്ടരുടെയും വാസസ്ഥലങ്ങൾ തമ്മിലുള്ള അകലം മാത്രമാണ് ടി ഗ്രന്ഥകാരനുള്ള ആക്ഷേപം. ഈ ആക്ഷേപത്തിനു താഴെപ്പറയുന്ന സമാധാനങ്ങൾ മിസ്റ്റർ പെൻ പറയുന്നുണ്ട്.

(1) യഹൂദന്മാർ ന്യായപ്രമാണകല്പനകളെ ലംഘിച്ചതിനാലാണ് അവരെ ദൈവം കഠിനമായി ശിക്ഷിച്ചതെന്നു ബോദ്ധ്യം വരിക നിമിത്തം ബാബേലിലെ അടിമക്കാലത്തിനു ശേഷം പുറജാതികളുടെ സംസർഗ്ഗത്തിൽ നിന്നു വേർതിരിഞ്ഞു തങ്ങളുടെ മതസംബന്ധമായ സംഗതികൾ നിർവ്വിഘ്നം നടത്തുന്നതിനു സൌകര്യമുള്ള സ്ഥലം അന്വേഷിക്കണമെന്നു അവർ നിശ്ചയിച്ചതായി "എസ്രാ"യുടെ പുസ്തകത്തിൽ കാണുന്നു.

(2) അമേരിക്കയും ഏഷ്യയും തമ്മിൽ ഇപ്പോൾ ബോറിങ്ങുകടലിട്ടുകിനാൽ പേർതിരിക്കപ്പെട്ടിട്ടുണ്ടെങ്കിലും പുരാതന കാലങ്ങളിൽ അവ രണ്ടും ഒരേ ഭൂഖണ്ഡത്തിന്റെ അംശങ്ങളായിരുന്നു എന്നും അക്കാലത്തു എബ്രായർ കരമാർഗ്ഗമായി അമേരിക്കയിലേക്കു കടന്നു എന്നും "മനാസ്സെബേൽ ഇസ്രായേൽ" എന്ന പ്രസിദ്ധ ഗ്രന്ഥകാരൻ സാക്ഷീകരിക്കുന്നു.

(3) അമേരിക്കൻ ഇൻഡ്യന്മാരുടെ പാരമ്പര്യവിശ്വാസം അവരുടെ പൂർവ്വികന്മാർ വടക്കുപടിഞ്ഞാറെ ദേശങ്ങളിൽ നിന്നു അവിടെ കുടിയേറിപ്പാർത്തവരാണെന്നാണ്.

(4) എബ്രായർ ഉപയോഗിക്കപതിവായിരുന്നതുപോലെ തന്നെ ഇവരും ഹോമം ചെയ്യുന്ന അവസരങ്ങളിൽ "ഹാലേലൂയ്യാ" എന്ന പദം തെളിവായി ഉപയോഗിച്ചു വന്നിരുന്നു.

(5) യൂറോപ്യന്മാർ ഇവരെ ആദ്യമായി സന്ദർശിച്ചപ്പോൾ ഇവർ എബ്രായരെപ്പോലെ തന്നെ വളരെ മതനിഷ്ഠയുള്ളവരും മുൻകാലങ്ങളിൽ സർവ്വസാധാരണമായി കാണപ്പെട്ടിരുന്ന വിഗ്രഹാരാധനയിൽ നിന്നൊഴിഞ്ഞും എബ്രായഭാഷയിൽ ദൈവം എന്നർത്ഥമുള്ള "ഏലി" എന്ന ഏകദൈവത്തെ മാത്രം ആരാധിച്ചു വന്നവരുമായിരുന്നു എന്നു കാണുന്നു.

(6) മോശൈകന്യായപ്രമാണപ്രകാരമുള്ള പെരുന്നാളുകളും ആവിലെയും സന്ധ്യയ്ക്കുമുള്ള ബലികളും പോലുള്ള കർമ്മവും ഇവർ അനുഷ്ഠിച്ചു പോന്നിരുന്നതിനും പുറമെ കൊയ്ത്തുൽപന്നമായ ഫലങ്ങളെയും ആദ്യമായിട്ടുള്ള കൊടുക്കയും "സങ്കേതനഗരങ്ങൾ" ഉപയോഗിക്കയും ചെയ്യുന്നു.

(7) ഇരുകൂട്ടരുടേയും വർഷാരംഭം ഒരേ സമയത്താണ്.

(8) എബ്രായക്കാരുടേയും അമേരിക്കൻ ഇൻഡ്യന്മാരുടേയും ഭരണസമ്പ്രദായത്തിനും വളരെ സാമ്യമുണ്ടായിരുന്നു. രണ്ടു കൂട്ടരിലും ഓരോ ഗോത്രക്കാർ അവരവരുടെ നായകന്മാരാൽ മാത്രം ഭരിക്കപ്പെട്ടു പോന്നിരുന്നു.

മേൽ പ്രസ്താവിച്ച കാരണങ്ങളാൽ അമേരിക്കയിലെ പൂർവ്വികനിവാസികളായ ഇൻഡ്യന്മാർ പുരാതന എബ്രായരുടെ (യഹൂദന്മാരുടെ) സന്താനങ്ങളാണെന്നു തെളിയുന്നുണ്ടെന്നു വിചാരിക്കണം. ഇവയെപ്പറ്റി ചരിത്രാന്വേഷകന്മാരായ മഹാന്മാരുടെ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടു തല്ക്കാലം വിരമിച്ചുകൊള്ളട്ടെ.

സ്ത്രീകളുടെ സാമുദായികനില.

[തുടർച്ച]

(ഫിലോമെനാ.)

ശരീരശക്തിയിലും മനഃസ്ഥിതിയിലും സ്ത്രീ താഴ്ന്നനിലയേ മാത്രമേ അർഹിക്കുന്നുള്ളുവെന്നാണ് വേറൊരു മതം. അതിലേക്ക് അവർക്കുള്ള തെളിവ് 'അബലാ'പദത്തിനു് എല്ലാഭാഷകളിലും ലഭിച്ചിട്ടുള്ള വ്യാപ്തിയുമാണ്. എന്നാൽ ഈ അഭിപ്രായം പൂർണ്ണമായി സമ്മതിക്കാൻ പല

ക്കും ഒരുക്കമുണ്ടാകയില്ല. ആപേക്ഷികമായ ബലക്കുറവിനെ മാത്രം സൂചിപ്പിക്കുന്ന 'അബലാ' പദത്തിന്ന് ശരീരശക്തി സംബന്ധിച്ചിടത്തോളം അർത്ഥവ്യാപ്തി പലരും അനുഭവിച്ചുവെന്നു വരാം. എന്നാൽ കുറേയാണ്ടുകൾക്കു മുൻപ് ഇൻഡ്യയുടെ പലഭാഗങ്ങളിലും സഞ്ചരിച്ച് അത്ഭുതജനകങ്ങളായ കായികാഭ്യാസങ്ങൾ പ്രദർശിപ്പിച്ച 'ലേഡിസാൻഡോ' മിസ്സ് തരാഭായിയേയോ, ധീരസേനാനായികയായ ജാൻസിയിലെ റാണിയേയോ, ബൽജിയത്തിന്റെ പ്രയുക്തദേശങ്ങളിൽ നിവസിച്ച് നായാട്ടുകൊണ്ടുമാത്രം ഭിവസം കഴിച്ചിരുന്ന യോക്ഷെർകാരി ഡ് റേസെക്ക് പ്രഭാവിയേയോ, * പരിചയമുള്ളവർ ആ അഭിപ്രായത്തെയും സമ്മതിക്കാതിരിക്കാനിടയുണ്ട്.

മനഃസ്ഥിതിയുടെ കായ്യത്തിൽ കാണുന്ന അഭിപ്രായവ്യത്യാസത്തിന്റെ പ്രാബല്യത്തെപ്പറ്റി അത്ഭുതപ്പെടാനില്ല. ആഭ്യന്തര ശക്തികളിൽ ബലഹീനത വല്ലപ്പോഴും പ്രദർശിപ്പിച്ചിട്ടുണ്ടെങ്കിൽ അതു് അവർ പുരുഷന്റെ കൃത്യത്തിനടിപ്പെട്ട് ജീവിച്ചിരുന്നതിൽ നിന്നുണ്ടായിച്ചതാണെന്നും സ്വാഭാവികമായി അങ്ങനെ ഒരു കുറവില്പെന്നും, അതിലേക്കു് സ്വതന്ത്രകളായ സ്ത്രീകൾ പ്രദർശിപ്പിച്ചിട്ടുള്ള വലിയ യോഗ്യതകൾ സാക്ഷിയാണെന്നും ആണ് ഭൂരിപക്ഷം. മദ്ധ്യകാലങ്ങളിൽ ജീവിച്ചിരുന്ന ഒരു സന്ന്യാസിനിയുടെ യോഗ്യതകണ്ടു്, സന്ന്യാസിനികളേത്തന്നെയല്ലാ, അനേകം സന്ന്യാസീസംഘങ്ങളെ കൂടി ഭരിക്കാൻ 9-ാംഗ്രിഗോരിയോസ് മാപ്പാപ്പാ അവരെ നിയമിക്കയുണ്ടായി. യൂറോപ്പിലെ മിക്ക പ്രധാനഭാഷകളുമഭ്യസിച്ച വേദസന്മാർഗ്ഗശാസ്ത്രങ്ങളിൽ അന്നത്തെ പല വിദ്വാന്മാരെയും അതിശയിച്ചിരുന്ന മോൺട്മാർ പ്രഭാവിയും തത്വം, നിയമം ഇവയിൽ അതിനിപുണയും പ്രസിദ്ധപ്രാസംഗികയും ആയിരുന്ന ഡൊറോത്തിയാപ്രഭാവിയും പലരുടെയും ശ്രദ്ധയെ ആകർഷിച്ചിരുന്നു. പല ശാസ്ത്രങ്ങളിലെയും ഡോക്ടർ സ്ഥാനംകൊണ്ടലങ്കരിപ്പിയാവാതെ, വേദശാസ്ത്രത്തിൽ കൂടി അതിനു ശ്രമിച്ച ലൂക്രീഷ്യാ, "സ്ത്രീ 'സഭ'യിൽ പരിപ്പിച്ചുകൂടെ" എന്ന വിധിയുള്ളതുകൊണ്ട് ഭഗ്നാശയയായി പിന്മാറേണ്ടിവന്നു.

ഇവയെല്ലാം വിശേഷപ്പെട്ട ചില അപവാദങ്ങൾ മാത്രമാണെന്നും സ്ത്രീസമുദായത്തിന്റെ ശക്തികൾ പ്രകൃത്യാ അനുതമാണെന്നും, മേലും അങ്ങനെയേ നില്പുള്ളുവെന്നും പ്രൊഫെസ്സർ മരീനിയെപ്പോലെ പലരും വിശ്വസിച്ചു പോരുന്നു. എങ്കിലും "സർ, ഒരു സ്ത്രീയുടെ പ്രസംഗം ചെന്നായ് പിറകു കാലുകളിന്മേൽ നടക്കുന്നതുപോലെയിരിയ്ക്കും." എന്നു ഡോക്ടർ ജോൺസൺ പറഞ്ഞിട്ടുള്ളതു് അദ്ദേഹത്തിന്റെ സ്വാർത്ഥവാദതല്പരതയിൽ ഉൾപ്പെടുത്തി ഉപേക്ഷിക്കാൻ വിഷമമില്ല. ഏതായാലും സ്ത്രീപുരുഷതുല്യമായ മാനസികാവസ്ഥയോടുകൂടി പരമാർത്ഥം പ്രത്യക്ഷപ്പെട്ടിട്ടില്ലാത്തിനാൽ അനുതമാനസരായിവളരെപ്പേർ അവരിലുണ്ടെങ്കിൽ അതു് അന്തര്യാമിയായ പ്രാപ്തിക്കുറവിന്റെ ഫലമെന്നല്ലാ, സ്വാവകാശസംരക്ഷണത്തിലും സ്വശക്തിയുടെ പോഷണത്തിലും സ്ത്രീക്കുള്ള സൈനുകയ്ക്കുറവിന്റെ ഫലമെന്നാണ് പലരും സങ്കല്പിക്കുന്നതു്. ട്യൂഡോദകാലത്തു് സ്ത്രീകൾ അനുഭവിച്ചിരുന്ന സ്വാതന്ത്ര്യം അവരുടെ മനഃശക്തിയെ പോഷിപ്പിച്ച്, പലരെയും വലിയ വിദുഷികളാക്കിയിട്ടുണ്ടെന്നു് സ്ത്രീകളാൽ പ്രണീതങ്ങളായ പല ട്യൂഡോദസംഹിതകളും തെളിയിക്കുന്നു. സമുദായനിഷ്മൂലം ലോകസമ്പർക്കവും സ്വാതന്ത്ര്യവും ലഭിക്കാതെ ജീവിക്കുന്ന നമ്മുടെ സ്ത്രീകളിൽ ചിലരുടെ

* മറീനാ മുഗങ്ങളെക്കൂടാതെ സ്വന്തം ചെന്നായ്ക്കളെ അവർ കൊന്നിട്ടുണ്ട്. അവർ തന്നെ വേട്ടയാടിക്കൊന്ന കലമാനുടെ കൊമ്പായിരുന്ന മേശക്കത്തികളുടെ പിടി. അവരുടെ മുഴു ജീവിതകഥയും ശയനമുറിയിൽ തന്നെ ചുമരിട്ടിരുന്നു.

വൈദുഷ്യത്തെപ്പറ്റി കേൾവിയുണ്ട്. പുരുഷൻ വ്യാപ്തമാനസനായി, അനുഭാവവും കരുണയും പുരുഷനിൽ നിന്നു് സ്ത്രീ ആശിക്കയും അർഹിക്കയും ചെയ്യുന്നുവെന്നു ധരിച്ചിരുന്ന അടുത്തകാലത്തു് സ്ത്രീ അനുഭവിച്ചിരുന്ന സ്വാതന്ത്ര്യം അവൾ പ്രദർശിപ്പിച്ച വൈദഗ്ധ്യത്തിൽ ഫലിച്ചുകണ്ടതിനാൽ മേൽചെയ്ത സങ്കല്പം ഒന്നുകൂടി ബലപ്പെട്ടുന്നു.

രണ്ടു വർഗ്ഗങ്ങളുടെയും ആപേക്ഷിക മാഹാത്മ്യത്തിന്മേൽ ക്ലിപ്തമായ ഒരഭിപ്രായം അത്ര എളുപ്പമല്ല. മുഴുവനേ വ്യത്യസ്തങ്ങളായ ഗുണങ്ങളെ ഒരേ തോതുകൊണ്ടളന്നു നിർണ്ണയിക്കാൻ സാധിക്കയില്ലല്ലോ; ഓരോ വർഗ്ഗത്തിന്റേയും യോഗ്യത അതിന്റെ പ്രത്യേകമായതാണ്. "പുരുഷനു സ്ഥൈര്യം അധികമെങ്കിൽ, സ്ത്രീക്കു ശാന്തത കൂടും. പുരുഷൻ അഗാധബുദ്ധിയെങ്കിൽ, അവസരോചിതം കർത്തവ്യനിർവ്വഹണത്തിനു സ്ത്രീക്കു ശക്തിയുണ്ട്. നല്ലവാക്കു പറഞ്ഞു കാര്യം നേടാൻ സ്ത്രീ സമർത്ഥയെങ്കിൽ പുരുഷൻ ന്യായവാദിയായിരിക്കും. സ്ത്രീക്കു് നാവു് ആയുധമെങ്കിൽ പുരുഷനു ആയുധം മുപ്പു്." ഓരോന്നിന്റേയും കുറവു് ഈ വിധം പരസ്പരം പരിഹൃതമാകുന്നതുകൊണ്ടു് അവരുടെ സംയുക്തജീവനം പരിപൂർണ്ണവും ശുഭദവും ആയിത്തീരുന്നു. ഇപ്രകാരമുള്ള പരസ്പരവർത്തനത്തെയും തത്സ്വഭാവത്തെയും അധികരിച്ചു് അമേരിക്കൻകവി ലോങ്ഫെലോ (Longfellow) ഒരു ലഘുകാവ്യത്തിന്റെ പ്രവേശകയായി പ്രസ്താവിച്ചിട്ടുള്ള അഭിപ്രായത്തിന്റെ സാഭാവികതയിന്മേൽ അധികമാക്കും വിസംവദമുണ്ടാകുമെന്നു തോന്നുന്നില്ല.

* "വില്ലിനുഞാണു പോലാണു് കേളാണിനു
വല്ലഭയാകുന്ന പെണ്ണു നൃനം;
വല്ലഭൻതൻ മനം മെല്ലേ വലിയ്ക്കിലും
ചെല്ലുന്നവൻ തന്റെ പൊല്ലുപോലെ.
കാന്തനെത്താൻ ബലാൽ ബന്ധിക്കുമെങ്കിലും
താതയായ് പിന്തുടർന്നീടും വിണ്ടും;
(സന്തതം തങ്ങളിൽ ബന്ധമില്ലെങ്കിലോ
ചന്തമേകാന്തവാസത്തിലെന്തു?.)

സ്ത്രീ പരസ്വത്തായതുകൊണ്ടു് തനിയെ അപൂർണ്ണയെന്നു തന്നെയാണല്ലൊ കാളിദാസന്റെയും വിചാരം: "അത്മോഹികന്യാ പരകീയ ഏവ
താമദ്യ സംപ്രേക്ഷ്യ പരിഗ്രഹീതുഃ
ജാതോമമായം വിശദപ്രകാമം,
പ്രത്യുപ്തിതന്യാസ ഇവാന്തരാത്മാ."

കന്യകയായി മരിക്കുന്ന യുവതിയുടെ ഉത്തരശരീരം പുരുഷൻ സംസ്കരിച്ചിട്ടേ സംസ്കരിക്കൂ എന്നു് ചില ക്കുള്ള നിയമത്തിനും ഈ ധാരണയോടു് അല്പം ബന്ധമുള്ളതായി ഊഹിക്കയും ചെയ്യാം.

ഇങ്ങനെ ഒന്നു മറ്റേതിന്റെ പൂർണ്ണത എന്നവണ്ണം സാമ്യം അനുവദിക്കാത്ത ഭിന്നയോഗ്യതകൾക്കു് ഓരോന്നിന്റേയും വൈശിഷ്ട്യം അനുവദിച്ചുകൊടുക്കയേ തരമുള്ളൂ. സൈന്യസേവനം മുതലായ ചില ജീവികാരീതികളിൽ സ്ത്രീ ഭാഗഭാക്കാകുന്നില്ലെന്നു ചിലർ ഒരിക്കൽ പുറപ്പെട്ടുവിച്ചിരുന്ന ആക്ഷേപത്തിനു സമാധാ

---

* ഇതു്, "ഹയവാഥാ"(Hiawatha)യുടെ ഒരു തർജ്ജമ, കൻസ-ലെ എന്നു തോന്നുന്നു: ഒരു ലക്കം ന്യൂഹാണിബിപിക്കയിൽ വക്കിൽ മിസ്റ്റർ എൻ. എക്സ്. കുൾ ബി. ഏ. ബി എൽ പ്രസിദ്ധം ചെയ്തിരുന്നതിൽ നിന്നെടുത്തതാണ്. ഈ ശ്ലോകത്തിന്റെ മൂലം ചുവടേ ചേർക്കുന്നു.

"As unto the bow the cord is
So unto the man is woman:
Though she bends him, she obeys him,
Though she draws him, yet she follows;
Useless each without the other".

"ഒന്നു തനിയെ നിരുപയുക്തം" എന്നുള്ള അന്ത്യപാദം പൂർണ്ണതയ്ക്കുവേണ്ടി എഴുതിയെന്നല്ലാതെ, അതൊരിക്കലായി പ്രസ്താവിക്കാനോ സ്ഥാപിക്കാനോ വിചാരിച്ചിട്ടല്ല.

നമായി ലാറൻസ് ഫ്രൂസ്മാൻ എന്ന കവി ഒരു സ്ത്രീയെക്കൊണ്ട് ഒരു ഭടനോട് വിനോദരൂപത്തിൽ യുക്തിവാദം ചെയ്യിക്കുന്നു: "നിങ്ങൾ പട്ടാളവേഷം ധരിച്ച് രാജ്യാതൃത്തിയെ സംരക്ഷിക്കുന്നു; നിങ്ങൾക്കുട്ടുണ്ടാക്കുന്നവരും നിങ്ങൾക്കൊപ്പം മഹത്തായ പ്രവൃത്തി ചെയ്യുന്നുണ്ട്. ഭടൻ രോക്ക വഹിക്കുന്നു; സ്ത്രീ വംശത്തെ ധരിക്കുന്നു; നിങ്ങൾ ജോലി ഒന്നു വച്ച് മാറിയാൽ കായ്യം കളയില്ലെന്നുടനെ മനസ്സിലാകും."

സ്ത്രീ വളരെനാൾ അനുഭവിച്ച അസ്വാതന്ത്ര്യത്തിന്റെ ഒരു ദൃഷ്ടലമാണ് അവളുടെ മനോഗതിയുടെ അസ്ഥിരതയെന്നു പറയുന്നുണ്ട്. എന്തു സംഗതിയായാലും വേണ്ടില്ല. ഒരു സാഹം ആരംഭിച്ചാൽ അതിന്റെ വളച്ച് രുടിതിയാണ്. ഇടയ്ക്ക്, എന്തെങ്കിലും തടസ്സം നേരിട്ടാൽ അങ്ങനെതന്നെ ആ തൃഷ്ണ അസ്തമിക്കാനും മതി.

മതാനുഷ്ഠാനത്തിൽ സ്ത്രീകൾക്കൊരു മെച്ചമുണ്ടെന്നു് പലരും സമ്മതിക്കും. അതു് സാഹചര്യങ്ങളാൽ പ്രേരിതമെന്നല്ലാതെ, ബുദ്ധിപൂർവ്വകമായ വിചിന്തനത്തിന്റെ ഫലമെന്നു് വിചാരിച്ചുകൂടെന്നു് ആരോ എല്ലാം വാദിക്കുന്നുണ്ട്. ഐശ്വരമായ ഒരവശ്യശക്തിയാണെന്നു വേറെ ചിലരും വിചാരിക്കുന്നു. ഏതായാലും കുട്ടിക്കുപാലനം സ്ത്രീയുടെ കടമയും, കുഞ്ഞിന്റെ അഭ്യസനാലയം മാതാവിന്റെ മടിയും ആയതുകൊണ്ട്, ഭാവിജീവനത്തിലെ സൗഭാഗ്യത്തിനടിസ്ഥാനമായി സകലമതസ്ഥരും സങ്കല്പിക്കുന്ന ഈശ്വരവിചാരം ശിശുവിൽ അങ്കുരിപ്പിക്കുന്നതിനു പ്രത്യേക ചുമതലക്കാരിയായ തള്ളയ്ക്ക്, ആ വിദ്യയിൽ അല്പം മെച്ചമുണ്ടായിരിക്കുന്നതു് വളരെ യുക്തംതന്നെ.

മേൽ പ്രസ്താവനകളിൽ നിന്ന് നമുക്കു പ്രധാനമായി സിദ്ധിക്കുന്നതു് സ്ത്രീസമുദായത്തിന്റെ ഉയർച്ച പുരുഷന്റെ മനസ്സംസ്കാരത്തെ അനുലോമമായി ആശ്രയിച്ചിരുന്നുവെന്നാണ്. എന്നാൽ ആ സ്ത്രീസമുദായം അതിന്റെ ഉൽഗതിക്കു് പുരുഷവർഗ്ഗത്തിന്റെ ശ്രേയസ്സിനെയും സഹകരണത്തെയും ആണ്, ഇപ്പോഴും ഇനിയും ആശ്രയിക്കുന്നതെന്നു പറഞ്ഞാൽ, തന്റെ അവകാശാധികാരങ്ങളെ സ്വന്തമായി പ്രയോഗിക്കാൻ കഴിവുള്ള പദവിയിൽ ഇപ്പോൾ എത്തിയിട്ടുള്ള സ്ത്രീക്കു്, മേൽ സ്വതന്ത്രമായ ഉൾക്കഷ്ടം സുസാധമാണെന്നും മറും സമപ്രധാനങ്ങളായ പല അഭിപ്രായങ്ങളും എതിർത്തുവെന്നു വരാം. അതിനാൽ വലിയ അഭിപ്രായവ്യത്യാസത്തിനിടയില്ലാത്ത ഭൂത,വർത്തമാനങ്ങൾകൊണ്ട് ഈ വിചാരണ അവസാനിപ്പിക്കേണ്ടി വരുന്നുവെങ്കിലും, "സ്ത്രീകളേപ്പറ്റി ഒരു സ്ത്രീ" എന്ന മുഖവാക്യത്തിൽ ഇന്നയാൾ പ്രസിദ്ധപ്പെടുത്തിക്കണ്ട ഒരു ചെറിയ പ്രസംഗം ഇതിനു യുക്തമായ ഒരുപസംഹാരമായിരിക്കുമെന്നു് വിചാരിക്കുന്നു.

"സ്ത്രീ, മറ്റൊരു സ്ത്രീയുടെ അധികാരത്തേക്കാൾ പുരുഷാധികാരത്തെ ഇഷ്ടപ്പെടുന്നുവെന്നും, വിശാലഹൃദയത്വം ഔചിത്യേന പുരുഷനാണ് കൂടുതലെന്നും, ജീവനാവശ്യങ്ങൾക്കു് പുരുഷനെ ആശ്രയിക്കാതെ കഴിവില്ലാത്തവണ്ണം വളരെ നാളത്തെ അടിമത്വം അവളെ ബാധിച്ചിട്ടുണ്ടെന്നും, പുരുഷന്റെ അഭിപ്രായം പലസംഗതികളിലും ശ്രേഷ്ഠതരമായിരിക്കുമെന്നും, മൻവിധിക്കോ പക്ഷവാദത്തിനൊ അധീനയല്ലാത്ത ഒരു സ്ത്രീ സാധാരണ സമ്മതിക്കാറുള്ളതാണ്.

"വിധി കല്പിക്കാൻ തനിക്കുള്ള പ്രാപ്തിയോടു കൂടിത്തന്നെ, തന്റെ അഭിപ്രായാഗ്രത്തെ ചുരുട്ടിയ ദീർഘകാലത്തെപ്പറ്റിയും സ്ത്രീ വിചാരിക്കാതിരിക്കുന്നില്ല. ഗംഭീരാശയങ്ങളെയും ആദർശങ്ങളെയും ഞെക്കിഞെരുക്കിയിരുന്ന വർഗ്ഗീയവാദവും, അവൾക്കു് നന്നായറിയാവുന്ന സംഗതിയാണ്. അനവധി സ്ത്രീകൾ പുരുഷന്റെ ഭാഗഭാക്കുകളാകുന്നതിനു പകരം ആശ്രിതരായി കാണുന്നതും അവൾക്കു് വലിയ രഹസ്യമൊന്നുമല്ല.

"ആധുനികകാലത്തെ ഒരു നവനീതം ഒരു യുവാവിന്റെ നേരെ പ്രദർശിപ്പിക്കുന്ന സ്വതന്ത്രമായ സല്ലാപരതല്പരതയെ ദർശിക്കുമ്പോൾ ജീവിതത്തിന്റെ പരിപൂർണ്ണമായ വിജയത്തിനുവേണ്ടി ജീവൻ വിനിയോഗിച്ചിരുന്ന പൂർവ്വമാതാക്കളുടെ അണിയിലേക്കും കൂടി നോക്കാൻ അവൾക്കു കഴിയും.

"സർവ സ്വാതന്ത്ര്യവും സൈകര്യങ്ങളും ഉണ്ടായിട്ടും, പുരുഷതുല്യമായ പടിയിൽ സ്ത്രീ എത്താത്തതിനുള്ള കാരണങ്ങളെ ഭൂതകാലത്തിന്റെ ഗർത്തത്തിലാണ് അവൾ അന്വേഷിക്കുന്നത്.

"ഒരൻപതു കൊല്ലം കൂടി കഴിയട്ടെ, അന്നു ചോദിച്ചുകൊള്ളുക, അപ്പോൾ പുരുഷതുല്യരായ സ്ത്രീകളെ ഞാൻ കാണിച്ചുതരാം, എന്നു പലരും സമ്മതിയ്ക്കും പ്രസ്താവിച്ചേക്കാം.

"സാക്ഷാത്തായ വർഗ്ഗീയസമത്വത്തിൽ എത്തിയാൽ പിന്നെ ഒരൻപതു കൊല്ലംകൊണ്ടുണ്ടാകാൻ പോകുന്നതെന്താണെന്നാരും പറയേണ്ടതില്ല. സൈന്യസേവനം തുടങ്ങിയിരിക്കുന്നതുകൊണ്ട് സ്ത്രീയുടെ ശരീരശക്തി വർദ്ധിച്ചേക്കും; ബാഹ്യമായ സംസ്കാരലക്ഷണങ്ങൾ അവൾ ധാരാളമായി സമ്പാദിച്ചുവെന്നും വരാം. ശരിയായ വിദ്യാഭ്യാസം നിമിത്തം അത്ഭുതകരമായ അഭിവൃദ്ധി മാനസികമായും ഉണ്ടാകാനിടയുണ്ട്. തന്മൂലം സൗഭാഗ്യത്തിന്റെ ചായയായി പലതും അവൾക്ക് ലഭിക്കയും ചെയ്യും. എന്നാലും അവൾ ഒരു 'സ്ത്രീ' തന്നെ.

"ധാത്വികമായി സ്ത്രീ ആദ്യന്തം ഒരേ ആൾ തന്നെ; ഇക്കാലത്തു ലഭ്യമായ സർവോന്നതിയും നേടിയിട്ടുള്ള ഒരു സ്ത്രീയായാലും, ആപദ്ദേളയിൽ അവൾക്ക് ആദികാലത്തെ ഹവ്വായെക്കാൾ വലിയ മെച്ചമൊന്നും കാണുകയില്ല. അവൾ വിശ്വസിക്കയും സംരക്ഷിക്കാൻ ഉത്സാഹിക്കയും ചെയ്യുന്ന സകല തത്വങ്ങളെയും ഭ്രമികകളെയും മനോവികാരങ്ങളിൽ വളരെ പുരാതനമായ പ്രേമം, തള്ളിത്താഴെയിട്ട്, അവളെ നിലംതൊടാതെ പറപ്പിക്കും. ക്ഷമ, സ്വേച്ഛാബലി, ഇവയിൽ അജയ്യയായിത്തന്നെ അവൾ നിത്യവും വിലസും. താൻ ജീവിതത്തിന്റെ കടത്തുകപ്പലാണെന്നും, കുഞ്ഞിന്റെ സംരക്ഷണത്തിൽ ഒരു ഘോരമൃഗത്തെക്കാൾ ധൈര്യം തനിക്കുണ്ടാകുമെന്നും ഉള്ള മനോഹരമായ വാസ്തവം ഒരിക്കലും അവൾക്കു വിസ്മരിക്കാൻ കഴിയുന്നതല്ല. പുരുഷതുല്യമായ വ്യായാമങ്ങളും മറ്റും ശരീരത്തിന്റെ പ്രകൃതത്തെ ഭേദപ്പെടുത്തി, സന്താനോല്പാദനത്തിനു പ്രതിബന്ധമാക്കി തീർത്തിട്ടുണ്ടെങ്കിൽ അതിന്റെ അപകടവും അന്നു പൂർണ്ണമായി അവൾ ധരിക്കും.

"അനേകായിരം വർഷങ്ങൾ കഴിയട്ടെ; പിന്നെയും അനുസരണത്തിൽ മഹിമയും, പ്രിയപ്പെട്ടവക്കു വേണ്ടിയുള്ള സ്വാർത്ഥപരിത്യാഗത്തിൽ സ്വർഗ്ഗീയമായ ഒരു സൗഭാഗ്യവും അവൾ അനുഭവിക്കും.

"പ്രേമം എന്നേക്കും അവളുടെ ചലനകേന്ദ്രവും, അവളുടെ സ്വഭാവത്തെ ഉയർത്താനോ താഴ്ത്താനോ കഴിവുള്ള ഒരു ശക്തിയും ആയിരിക്കും. വിശാലമനസ്സ്, വർഗ്ഗീയസമത, ജീവനസ്വാതന്ത്ര്യം, പ്രബലാഭിവൃദ്ധി എന്നീ ആധുനികാലകാരണങ്ങൾക്കുള്ളിൽ സ്ഥിതി ചെയ്യുന്നതു് ആ ധാത്വികാബലതന്നെ. പ്രകൃതിയുടെ പ്രവൃത്തിയെ വ്യത്യസ്തസാഹചര്യങ്ങളിൽ നശിപ്പിക്കാനോ, ഭേദപ്പെടുത്താനോ കാലത്തിനു സാധിക്കുമോ എന്നറിയാൻ കുറേനാൾ നമുക്കു ക്ഷമിച്ചിരിക്കാം. ഒരുവേള, നമ്മുടെ തത്വബോധത്തിൽ എത്തിയിട്ടില്ലാത്ത മറ്റനേകം സംഗതികൾ ഇടയ്ക്കു് ആവിർഭവിച്ചുവെന്നും വരാം."

കൽദായപാത്രിയക്കീസിന്റെ ഒരപ്പീൽ.

IV.

(റവറന്റ് ജോസഫ് ചക്കുങ്കൽ പി. എച്ച്. ഡി., ഡി. ഡി.)

മലബാർക്രിസ്ത്യാനികളുടെമേൽ തിരുസിംഹാസനത്തിനു തന്നെയും അനുകമ്പ തോന്നി 1801-ൽ അവിടെ നിന്നു പ്രൊഫഗാന്ത തിരുസംഘത്തിന്റെ അന്നത്തെ പ്രീഫെക്ടറായിരുന്ന ബോർജിയോ കർട്ടിനാൾ വഴി സാൽമാസിലെ കൽദായ മെത്രാനായിരുന്ന ഗ്രിഗോറിയൽ എന്ന ദേഹത്തെ മലബാറിലെ മെത്രാനായി അയക്കുന്നതിനു അന്നു സ്ഥിരം പാത്രിയക്കീസായിരുന്ന ഹൊർമുസിനോടാജ്ഞാപിക്കുന്നു. പാത്രിയക്കീസ് അങ്ങനെ ചെയ്യാമെന്നു സമ്മതിച്ചെങ്കിലും അതു പ്രവൃത്തിയിൽ വരുത്തിക്കാണായ്കയാൽ കർട്ടിനാൾ ബോർജിയോ സമാധാനം ചോദിക്കയും അദ്ദേഹത്തെ ശാസിക്കയും ചെയ്യുന്നു. ഈ രേഖകളൊക്കെയും ഇപ്പോഴും കൽദായ പാത്രിയക്കീസന്മാരുടെ കൈവശം സൂക്ഷിച്ചുപോരുന്നു. എന്നാൽ കൽദായ റീത്തു മലബാർ റീത്തിൽ നിന്നു വ്യത്യസ്തമാണെന്നുള്ള കാരണത്തിനേൽ കൽദായക്കാർ മലബാർക്രിസ്ത്യാനികളുടെമേലുള്ള സകലയധികാരവും വിടുത്തി 1803-ൽ പ്രൊഫഗാന്ത തിരുസംഘം പ്രസ്താവിച്ച വിധി എല്ലാവരേയും അത്ഭുതപരതന്ത്രരാക്കുകയാണ് ചെയ്തത്. വിശുദ്ധ സിംഹാസനത്തിൽ നിന്നു ഇങ്ങനെ പ്രവർത്തിച്ചിട്ടും കൽദായ പാത്രിയക്കീസന്മാർ മലബാറിലെക്കു മെത്രാന്മാരെ അയച്ചുകൊണ്ടിരുന്നു. യൌസേപ്പു ഒന്നാമൻ പാത്രിയക്കീസ്, തോമ്മാസ് റോക്കോസ് എന്ന മെത്രാനെ മലബാറിലേക്കയച്ചെങ്കിലും റോമിലെ ആജ്ഞാനുസരണം തിരിച്ചു പോരേണ്ടിവന്നു. വർത്തിക്കാൻ സൂനഹദോസിനു ശേഷം വീണ്ടും മേലൂസ് മെത്രാനും അബ്രഹാം മെത്രാനും മലബാറിലേക്കു പോയി. അവരും റോമിലെ കല്പനപ്രകാരം തിരിച്ചുപോരേണ്ടിവന്നു. ഏലിയാ പാത്രിയക്കീസും അന്ത്യോഖ്യാ പാത്രിയക്കീസും ഇതു സംബന്ധിച്ചു വീണ്ടും ചെയ്ത പ്രയത്നങ്ങളുടെ ഫലമായി നിത്യസ്മരണയ്ക്കു അർഹനായ 13-ാം ലേഒൻ മഹർപ്പാപ്പാ മലബാർക്രിസ്ത്യാനികളെ ലത്തീൻ അധികാരത്തിൽ നിന്നു സ്വതന്ത്രരാക്കി അവർക്കു സ്വദേശിയരായ വികാരി അപ്പസ്തോലിക്കാന്മാരെ കൊടുത്തു. ഇപ്പോഴത്തെ പാത്രിയക്കീസായ എമ്മാനുവേൽ ഇരുപത്തൊന്നാമൻ യൌസേഫ് തന്നെയും * പ്രസ്തുത പാപ്പായെ ഇതു സംബന്ധിച്ചു തിരുമനസ്സറിയിച്ചതിൽ മലബാർവാദം (Malabar Question) സംബന്ധിച്ചുള്ള പ്രാരംഭസംഗതികൾ താൻ നടത്തിയെന്നും, ശേഷിച്ചവ തന്റെ പിൻഗാമികൾ ചെയ്യുമെന്നുമാണ് കല്പിച്ചിട്ടുള്ളതു.

ആകയാൽ ഇതു സംബന്ധിച്ചുള്ള അവസാനതീർച്ച ഇപ്പോൾ ഭാഗ്യമോടെ തിരുസിംഹാസനത്തെ അലങ്കരിക്കയും പൌരസ്ത്യരുടെ കാര്യത്തിൽ അനിതരസാധാരണമായ അനുകമ്പ പ്രദർശിപ്പിക്കയും, കിഴക്കൻ റീത്തുകാരെല്ലാം അവരുടെ പൂർവിക പ്രതാപത്തിൽ ആയിക്കാണണമെന്നതിനു സർവഥാ ആഗ്രഹിക്കയും ചെയ്യുന്ന പതിനഞ്ചാം ബനഡിക്തോസ് പാപ്പായുടെ കാലത്തു ഉണ്ടാകുമെന്നാണ് ഞങ്ങളുടെ ദൃഢമായ വിശ്വാസം. അനവധി വിശ്വാസികളുടെ ആത്മീയാഭിവൃദ്ധിയെ ഓർത്തും കൽദായപള്ളിക്കു ഈ വാദം മൂലം നേരിട്ടിരിക്കുന്ന വിപത്തീകനം നീക്കുന്നതിനും ഞങ്ങളുടെ സമീപസ്ഥരായ ഇതര മതാവലംബികളുടെ ഹാസ്യത്തെ പോക്കുന്ന

---

* പാത്രിയക്കീസിന്റെ അപ്പീലിൽ അദ്ദേഹത്തോടുകൂടി അവിടത്തെ മെത്രാന്മാരും സംബന്ധിച്ചിട്ടുണ്ട്. പത്രാധിപർ

തിനും മലബാറിന്റെ മേലുള്ള ഞങ്ങളുടെ പൂർവ്വാധികാരം ഞങ്ങൾക്കു തിരിച്ചു തരണമെന്നുള്ള അപേക്ഷയെ അവിടത്തെ (മാപ്പിപ്പായുടെ) പാദപങ്കജത്തിൽ ഇതു മൂലം സവിനയം സമർപ്പിച്ചുകൊള്ളുന്നു.

മലബാറിന്റെമേലുള്ള ഞങ്ങളുടെ പൂർവ്വാധികാരം തിരിച്ചു കിട്ടത്തതിനെപ്പറ്റി ഇതരമതസ്ഥന്മാർ ഞങ്ങളെ അധിക്ഷേപിക്കാതിരിക്കുന്നില്ല. ഈ ഏക കാരണത്താൽ തന്നെയും മലബാർ വാഴത്തിനെ എന്നുമാത്രം പ്രാധാന്യത ഞങ്ങളുടെയിടയിൽ ഉണ്ടെന്നുള്ളതു് ആക്ഷേപം നിഷ്പ്രയാസം ഊഹിക്കാം. എങ്കിലും തിരുസ്സഭയുടെ നീതിക്കു തക്ക കാരണത്താൽ ദീർഘകാലം മൌനമവലംബിക്കാൻ പാടുണ്ടെങ്കിലും അവസരം പ്രശോഭിക്കാതിരിക്കാൻ പാടില്ലെന്നുള്ളതു് ഞങ്ങളുടെ ശത്രുക്കളെ ബോധ്യപ്പെടുത്തി അവരുടെ അധിക്ഷേപത്തിനു ശമനം വരുത്തുമെന്നു ഞങ്ങൾ ശരണപ്പെടുന്നു. മലബാർ ക്രിസ്ത്യാനികളുടെ ഇടയിൽ ഈ വാദം സംബന്ധിച്ചു വിപരീതാഭിപ്രായം ഇല്ലെന്നു അവർ കൽദായ പാത്രിയർക്കീസന്മാർക്കു അപ്പഴപ്പഴായി അയച്ചുകൊണ്ടിരിക്കുന്ന അനവധി അപേക്ഷകൾ സാക്ഷ്യം വഹിക്കുന്നു. പാത്രിയർക്കീസുമായുള്ള പുനരൈക്യം മൂലം മലബാറിലെ ഇപ്പോഴത്തെ വികാരിഅപ്പസ്തോലിക്കാന്മാരുടെ സ്വാതന്ത്ര്യത്തിനു ഭംഗം നേരിട്ടേക്കാൻ പാടുള്ളതിനാൽ അവർ അതിനു അനുകൂലിക്കയില്ലെന്നു തോന്നിയേക്കാം. എന്നാൽ അവരുടെ സ്വാതന്ത്ര്യത്തിനു ഭംഗം വരുത്തണമെന്നു ഞങ്ങൾക്കു ഉദ്ദേശമില്ല. മാത്രമല്ല, മലബാറിലെ യാക്കോബായ സഭയുടെയും നെസ്തോറിയൻ സഭയുടെയും ഉത്ഭവ കാരണം ബാബേൽപാത്രിയർക്കീസിന്റെ ഭരണം മലബാറിനു നഷ്ടീഭവിച്ചതാണെന്നുള്ളതു അവർ വസ്തുരിച്ചു കൂടാത്തതാണ്. ആകയാൽ ഈ പുനരൈക്യത്തിനു മലബാറിലെ വികാരി അപ്പസ്തോലിക്കാന്മാരുടെ അധികാരത്തിനു ഭംഗം വരുത്താതെ അനവധി ജനങ്ങളെ രക്ഷിക്കാൻ കഴിയുമെങ്കിൽ അതിനവർ പ്രതികൂലികളായിരിക്കുമോ?

ജനങ്ങൾ ഈ ഐക്യം സർവ്വഥാ ആവശ്യപ്പെട്ടിരുന്നുവെന്നു ചരിത്രം സാക്ഷിക്കുന്നു. യഥാർത്ഥത്തിൽ ഉദിയംപേരൂർ സൂനഹദോസിനു ശേഷം പോർട്ടുഗീസ് അധികാരം നിലനിന്ന കാലത്തോളം മലബാർക്രിസ്ത്യാനികൾ ലത്തീൻവികാരി അപ്പസ്തോലിക്കാന്മാരോടു ശത്രുതീഷ്ണ അനുവർത്തിച്ചുപോന്നു. എന്നാൽ പോർട്ടുഗീസുകാരുടെ സ്ഥാനത്തു ഡച്ചുകാർ വന്നതോടുകൂടി അവരുടെ വാശി മുൻകരിക്കയാൽ അന്നത്തെ ലത്തീൻ വികാരി അപ്പസ്തോലിക്കയോടു ഒരു നാട്ടുമെത്രാനെ മലബാർ ക്രിസ്ത്യാനികൾക്കായി അഭിഷേകം ചെയ്യുന്നതിനു റോമാ സിംഹാസനം ആവശ്യപ്പെട്ടു. 1663-ൽ അന്നത്തെ ആർച്ചുഡീക്കൻ പറമ്പിൽ ചാണ്ടികത്തനാർ എന്ന ദേഹത്തെ മെത്രാനായി അഭിഷേകം ചെയ്യുന്നു. എന്നാൽ എല്ലാവരും അദ്ദേഹത്തെ സ്വീകരിക്കുന്നില്ല. ചിലർ പന്ത്രണ്ടുപട്ടക്കാരാൽ അഭിഷിക്തനായ ഒരു തോമ്മാമെത്രാനെ സ്വീകരിക്കുന്നു. എങ്കിലും രണ്ടു കൂട്ടരും ബാബേലിൽ നിന്നു മെത്രാന്മാരെ ലഭിക്കുന്നതിനായി നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്നു. ആഗ്രഹാനുസരണം സാധിക്കായ്കയാൽ മാർ തോമ്മായെ അനുഗമിച്ചവർ സത്യമതപരിത്യാഗികളായി തീരുന്നു. ബാബേൽ മെത്രാന്മാരെ ലഭിക്കുന്നതിനു മലബാർ ക്രിസ്ത്യാനികൾ നിരന്തരമായി പരിശ്രമിച്ചതു അവർ കൽദായവിത്തുകാരാണെന്നുള്ള ഏക കാരണത്താൽ മാത്രമല്ല, പിന്നെയൊ, കൽദായ ദേശത്തു നിന്നുള്ള ഉത്ഭവം കൊണ്ടുകൂടെയുമാണ്. മലബാർ ക്രിസ്ത്യാനികളുടെ പൂർവ്വികന്മാർ ബാബേലിൽ നിന്നു കുടിയേറിപാർത്തവരാണെന്നാണ് വിശ്വസിച്ചു പോരുന്നതു്. ഇവകളെല്ലാം അടിസ്ഥാനരഹിതങ്ങളായ കെട്ടുകഥകളാണെന്നു പലരും പറഞ്ഞേക്കാം. എന്നാൽ എതിരു ന്യായങ്ങളാൽ ഈ പരമ്പര വിശ്വാസത്തെ ഖണ്ഡിക്ക

ന്നതിനു മുക്കും സാധിച്ചിട്ടില്ല. അതു സാധിക്കുന്നതുവരെ അതിനെ ആദരിക്കുന്നതിൽ അബദ്ധവുമില്ല.

ജെസ്വീറ്റു സഭാംഗങ്ങളിൽ ഒരാളായ ഇറോളമോ എന്ന ചരിത്രകാരൻ 1610-ൽ അങ്കമാലിൽവച്ചു എഴുതിയ എഴുത്തിൽ മലബാർ ക്രിസ്ത്യാനികളെപ്പറ്റി ഇങ്ങനെ പറയുന്നു:—"പലയിടങ്ങളിലായി മലബാറിൽ അധിവസിക്കുന്ന അസംഖ്യം തോമാക്രിസ്ത്യാനികൾ അപ്പോസ്തലന്മാരുടെ കാലംമുതല്ക്കു തന്നെ ക്രിസ്ത്യാനികളാണ്. അവർ ഈ ദേശവാസികളല്ല. പിന്നെയോ, പരദേശങ്ങളിൽനിന്നു കൂട്ടമായി കുടിയേറിപാർത്തവരാണ്. അവർ പോർത്തുഗീസുകാരുടെ പ്രവേശംവരെ ബാബേലധികാരത്തിൻ കീഴ്പ്പെട്ടിരിക്കയും 1599 വരെ ബാബേൽമെത്രാന്മാരാൽ ഭരിക്കപ്പെട്ടുകയും ചെയ്തിരുന്നു."

ദൂരസ്ഥരായിരുന്നിട്ടും മലബാർക്രിസ്ത്യാനികളും ബാബേൽനിവാസികളും തമ്മിൽ ഉണ്ടായിക്കൊണ്ടിരുന്ന പരമ്പരയായ മൈത്രിയും ഐക്യവും മലബാർക്രിസ്ത്യാനികൾ ബാബേലിൽനിന്നു കുടിയേറിപ്പാർത്തവരാണെന്നുള്ള അഭിപ്രായത്താലല്ലാതെ മറ്റു പ്രകാരം വ്യാഖ്യാനിച്ചുകൂടാ. നമ്മുടെ അഭിപ്രായത്തിൽ മലബാർക്രിസ്ത്യാനികളുടെ ഇടയിലുള്ള വടക്കുംഭാഗരെന്നും തെക്കുംഭാഗരെന്നുമുള്ള ജാതിവ്യത്യാസം ഈ പരമ്പരവിശ്വാസത്തെ അടിസ്ഥാനപ്പെടുത്തി വ്യാഖ്യാനിക്കയായിരുന്നാൽ അതു വാസ്തവവിരുദ്ധമായിരിക്കയില്ല. മലബാർക്രിസ്ത്യാനികളുടെ ഉത്ഭവം എങ്ങനെതന്നെയായിരുന്നാലും ബാബേലിലെയും മലബാറിലെയും പൊതുവെയുള്ള രീത്തും ആരാധനക്രമത്തിലെ പൊതുഭാഷയും മലബാർക്രിസ്ത്യാനികളുടെ മനസ്സുതിരിവിനായി കൽദായക്കാർ ചെയ്ത പ്രേഷകജോലിയും ബാബേൽ മെത്രാപ്പോലീത്താമാർൽ ഭരിക്കപ്പെട്ടന്നതിനു അവർ (മലബാർക്കാർ) വേണ്ടുവോളം നിർബന്ധിതരാകുന്നുണ്ട്. മലബാർക്രിസ്ത്യാനികളുടെയിടയിൽ ഇതുസംബന്ധിച്ചുള്ള ബഹളം ഇതുപര്യന്തം ക്ഷയിച്ചിട്ടില്ലെന്നു" ഈ അടുത്തകാലങ്ങളിൽ തന്നെയും കത്തോലിക്കാപാത്രിയക്കീസിൽനിന്നും ഒരു മെത്രാനെ കിട്ടാതെവന്നതിനാൽ നെസ്തോറിയൻപാത്രിയക്കീസിനോടു ഒരാളെ ആവശ്യപ്പെടുകയും അദ്ദേഹം ഒരു തീമൊത്യോസിനെ അഭിഷേകം ചെയ്ത് അയക്കയും ചെയ്ത എന്നുള്ളതിൽനിന്നു പ്രത്യക്ഷപ്പെടുന്നു. ഈ മാർ തീമൊത്യോസ് കഴിഞ്ഞകൊല്ലത്തിൽ ബഗ്ദാദിൽവന്ന തന്റെ പാത്രിയക്കീസിനെ സന്ദർശിക്കയും തന്റെ അധികാരസീമയെപ്പറ്റി പറകയും വിശുദ്ധകന്യകയെ ദൈവമാതാവെന്ന വിളിക്കുന്നതിനും സത്രുപവണക്കവും കുമ്പസാരവും അനുവദിക്കയായിരുന്നാൽ നെസ്തോറിസ്ജനം മലബാറിൽ പൂർവ്വാധികം വർദ്ധിക്കുന്നതിനു ഇടയുണ്ടെന്നറിയിക്കുകയും ചെയ്തു. ഈ അറുവാദം കൊടുക്കുന്നതിനു പാത്രിയക്കീസ് ശങ്കിച്ചു എങ്കിലും തന്റെ സ്നേഹിതഗണത്തിൽപ്പെട്ട പ്രോട്ടസ്റ്റന്റു മിഷ്യനറിമാരുടെ പ്രേരണയാൽ അനുവാദം നൽകുകയും മാർ തീമോത്യോസ് സന്തോഷചിത്തനായി പുതിയ കൊള്ളയ്ക്കായി വീണ്ടും മലബാറിലേക്കു പുറപ്പെടുകയും ചെയ്തു.

അതിനാൽ മലബാർവാദം കത്തോലിക്കരെ മാത്രമല്ല, പിന്നെയോയാക്കോബായക്കാരെയും നെസ്തോറിസ്കാരെയും കൂടെ ഉദ്ദേശിച്ചുള്ള ഒന്നാണ്. ബാബേലും മലബാറും കൂടിയുണ്ടായിരുന്ന ബന്ധം ഇന്നു പുനസ്ഥാപിക്കയായിരുന്നാൽ അവരെല്ലാം

വിൽപ്പാൻ.

മദ്രാസിൽവച്ചു നടന്ന മയ്യമഹാസഭയിൽ സംബന്ധിച്ചിട്ടുള്ള സകല വൈദികശ്രേഷ്ഠന്മാരുടെയും ഒരുമിച്ചുള്ള കമനീയമായ പടം വില്പാൻ തയാർ. വില നാലണ മാത്രം.

മാനേജർ,
കത്തോലിക്കമിഷ്യൻഡിപ്പോ,
കോട്ടയം.

കത്തോലിക്ക മതാവലംബികളാവാൻ സന്നദ്ധരാണ്. കൂടാതെയും, ഈ പുനരൈക്യം പൌരസ്ത്യരായ എല്ലാ സത്യമതത്യാഗികളെയും ഒന്നു ഇളക്കുമെന്നുള്ളതു നിസ്സംശയമാണ്. അവരുടെയെല്ലാം തിരിച്ചുവരവിനു മലബാർവാദം ഒരു പ്രതിബന്ധമായിട്ടാണ് ഇരിക്കുന്നതു്. മലബാറിൽ ബാബേലധികാരം പുനസ്ഥാപിക്കാത്ത കാലത്തോളം സത്യമതത്യാഗികളുടെ തിരിച്ചുവരവിനെ ഉദ്ദേശിച്ചു കത്തോലിക്കുമതാദ്ധ്യക്ഷന്മാർ എത്രതന്നെ വാശാനം ചെയ്താലും അവ ആകർഷണീയങ്ങളായിരിക്കയില്ല. പല വാശാനങ്ങൾ ചെയ്യുന്ന ഇക്രുട്ടർ ആദ്യത്തെ വാശാനം, അതായതു്, മേലധികാരത്തിന്റെ പുനസ്ഥാപനം പൂർത്തിയാക്കി കാണട്ടെയെന്നാണ് അവർ വാദിക്കുന്നതു്. മാത്രമല്ല, കിഴക്കൻ സഭകളുടെ ഐശ്വര്യത്തെയും മഹത്വീകരണത്തെയും ഉദ്ദേശിച്ചുള്ള പാപ്പാമാരുടെ പൊതുവെയും ഇപ്പഴത്തെ പരിശുദ്ധപിതാവിന്റെ പ്രത്യേകിച്ചും ശ്രമങ്ങളിൽ അവക്കാക്കും അതു വിശ്വാസവും വലിയ ആശയും ഇല്ലാതെയാണ് വന്നുകൂടിയിരിക്കുന്നതു്. ആകയാൽ പരിശുദ്ധ സിംഹാസനത്തിന്റെ മലബാറിനെ സംബന്ധിച്ചിടത്തോളമുള്ള നയം വിശ്വാസത്തിനു ഉപദ്രവകരവും പാപ്പാമാരുടെ അഭിമാനത്തിനു ഹാനികരവുമാണെന്നുള്ളതു പ്രത്യക്ഷമാണ്. അതുകൊണ്ടു മേല്പറഞ്ഞ ന്യായങ്ങളെയെല്ലാം അടിസ്ഥാനപ്പെടുത്തി മലബാറിൻമേൽ നമുക്കുള്ള പ്രാചീനാധികാരം പരിശുദ്ധ സിംഹാസനത്തിൽനിന്നു നമുക്കു ന്യായസമേതം ആവശ്യപ്പെടാം. ഇതുവരെ ഞങ്ങളുടെ വിശ്വാസത്തെ സംശയിച്ചുമാത്രമാണ് ഞങ്ങളെ മലബാറിൽനിന്ന് അകറ്റിയിരുന്നതെങ്കിൽ ആ ശങ്കയ്ക്കു ഇനി അവകാശമില്ല. ഞങ്ങൾ പരിശുദ്ധ സിംഹാസനത്തിനു കീഴ്പ്പെട്ടുകയിൽ ഞങ്ങൾ പ്രദർശിപ്പിച്ച സ്വാർത്ഥപരിത്യാഗവും മലബാർവാദം സംബന്ധിച്ച് ഇതുവരെ ഞങ്ങൾ

THE RITE OF THE CONSECRATION OF BISHOPS
IN THE
Catholic Church.

കത്തോലിക്കമെത്രാന്മാരുടെ
സ്ഥാനാഭിഷേകക്രമം.

തൃശ്ശൂർമിസ്സത്തിന്റെ വികാരിഅപ്പസ്തോലിക്കായായി നിയമിക്കപ്പെട്ടിരിക്കുന്ന മോൺസിഞ്ഞോർ പ്രാൻസിസ് വാഴപ്പള്ളി അവർകളുടെ സ്ഥാനാഭിഷേകസ്മാരകമായി കത്തോലിക്കമെത്രാന്മാരുടെ സ്ഥാനാഭിഷേകക്രമം ഇംഗ്ലിഷ് ഭാഷാഭിജ്ഞന്മാർക്കുകൂടെയും സുഗ്രാഹ്യമാകത്തക്കവണ്ണം ലത്തീനിൽ അതിന്റെ ഇംഗ്ലിഷ് പരിഭാഷയോടു കൂടി ഭംഗിയായി അച്ചടിച്ചു തയ്യാറായിരിക്കുന്നു.

വില എട്ടണ മാത്രം.

ചുരുക്കം പ്രതികൾ മാത്രം അച്ചടിച്ചിട്ടുള്ളതുകൊണ്ടു പിന്നീടു ഇപ്പോഭംഗത്തിനിടയാകാതിരിപ്പാൻ വേണ്ടി ആവശ്യക്കാർ ഉടനെ അപേക്ഷിക്കേണ്ടതാണ്.

മാനേജർ,
കത്തോലിക്കമിഷ്യൻഡിപ്പോ,
കോട്ടയം.

കാണിച്ചു ക്ഷമയും സമാനാർഹരുമല്ലാണെന്നു തിരുസിംഹാസനത്തിനു നന്നായി അറിയാം. മലബാറിൽ ഞങ്ങളുടെ അധികാരത്തിന്റെ പുനഃസ്ഥാപനംമൂലം അവിടെ പുതിയ ബഹളങ്ങളും നവീകരണങ്ങളുമുണ്ടാകാനുമില്ല. കൽദായയിലെ മെത്രാപ്പോലീത്താന്മാരൊക്കെ ബാബേൽപാത്രിയർക്കീസിനു കീഴ്പ്പെട്ടിരിക്കുന്നതുപോലെയും പൌരസ്ത്യമെത്രാന്മാർ അവർ ഓരോരുത്തരുടെ പാത്രീയർക്കീസന്മാരെ ആശ്രയിച്ചിരിക്കുന്നതുപോലെയും മലബാറിൽ നിയമിക്കപ്പെട്ടുന്ന മെത്രാപ്പോലീത്താ ബാബേലധികാരത്തിനു കീഴ്പ്പെട്ടിരിക്കണമെന്നല്ലാതെ വേറെ ഒരു നവീകരണവുമുണ്ടാകേണ്ടതായിട്ടില്ല. പരിശുദ്ധപിതാവു പതിനഞ്ചാം ബനഡിക്തോസിന്റെ കാലത്തുതന്നെ ഞങ്ങളുടെ ആഗ്രഹം ജ്ഞാപിക്കുകയും അതുമൂലം അവിടത്തെ പൌരസ്ത്യരോടു പ്രദർശിപ്പിച്ചുവരുന്ന അനുകമ്പ മൂർത്തീകരിച്ചും കാണുന്നതിനു് അത്യാശയോടെ ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഇതു സാധിക്കുകയായിരുന്നാൽ അതു കൽദായജനത്തിന്റെ ഇടയിൽ മാത്രമല്ല പൌരസ്ത്യരുടെയിടയിൽ എവിടെയും അവിടുത്തെ പേരു നിലനിൽക്കുന്നതിനു അതൊരുത്തമസ്മാരകമായിരിക്കും.

എന്നുതന്നെയായിരുന്നാലും അവിടുത്തെ അധികാരത്തിനു് അനുസരണയും കീഴ്വഴക്കവും കാണിക്കുന്നതിനു ഞങ്ങൾ സർവ്വഥാ ജാഗരൂകന്മാരായിരിക്കുന്നതാണു്.

റോമാ
6–ഏപ്രിൽ 1920.

ബാബേലിലെ കൽദായ പാത്രീയർക്കീസും മെത്രാന്മാരും.

സമ്മാനാർഹപ്രകരണം

നമ്പർ II.

തിരുവിതാംകൂറിലെ ധനസ്ഥിതി.

(Travancore Economics)

[തുടർച്ച]

(By M. C. T.)

ചാഴി, പുഴു മുതലായ ബാധകളെപ്പററി സവിസ്തരവും ശാസ്ത്രീയവുമായ ഒരു പരിശോധന നടത്തുന്നതു അത്യാവശ്യവും അത്യന്തം ഉപകാരപ്രദവുമാണെന്നു പ്രസ്താവിച്ചുകഴിഞ്ഞു. വിഷയഗൌരവം ആലോചിച്ചാൽ, പ്രസ്തുത പരിശോധന നടത്തേണ്ടവിധത്തെപ്പററി ഗണ്യമായ ശാസ്ത്രജ്ഞാനം ഒന്നും ഇല്ലാത്തവർ പോലും എന്തെങ്കിലും അഭിപ്രായപ്പെട്ടുന്നതു അനുചിതമായിരിക്കുകയില്ലെന്നു വിചാരിക്കുന്നു. എല്ലാവക പരിശോധനയിലും അപരിഹാര്യമായിട്ടുള്ളതു നിരീക്ഷണവും പരീക്ഷണവും ആകുന്നു. നിരീക്ഷണം എന്നുവെച്ചാൽ ബാഹ്യലോകത്തെ സൂക്ഷ്മമായി നോക്കി സംഗതികളുടെയും തത്വങ്ങളുടെയും വാസ്തവാവസ്ഥിതിയും സ്വഭാവവും മനസ്സിലാക്കുകയെന്നാകുന്നു. പരീക്ഷണമോ നിരീക്ഷണത്താൽ സമ്പാദിച്ച ജ്ഞാനമൂലം പരിശോധനയുടെ ഉദ്ദേശം സാധിക്കുമോ ഇല്ലയോ എന്നു് ആലോചനയാലും വേണ്ടിവന്നാൽ രസതന്ത്രപ്രയോഗങ്ങൾകൊണ്ടും മറ്റും പരീക്ഷിച്ചറിയുകയാകുന്നു. ഈ പരിശോധനയെ സംബന്ധിച്ചു നിരീക്ഷണം ചെയ്യാൻ, പരിശോധനാസംഗതിയെപ്പററി പരിചയവും സാമാന്യജ്ഞാനവുമുള്ള എല്ലാവർക്കും കഴിയും. നിരീക്ഷണം ചെയ്യു

ന്ന ആളിനു ബുദ്ധിസംസ്ക്കാരവും ധാരാളം വിവേചനാശക്തിയുമുണ്ടെങ്കിൽ, നിരീക്ഷണം സൂക്ഷ്മമായിരിപ്പാൻ ഇടയുണ്ട്. അനവധി സസ്യങ്ങൾ നിറഞ്ഞിരിക്കുന്ന ഒരു പുരയിടത്തിൽകൂടി ഒരു സാധാരണമനുഷ്യനും ഒരു വൈദ്യനും കൂടി കടന്നുപോയാൽ വൈദ്യൻ അപൂർവ്വങ്ങളും അമൂല്യങ്ങളും ആയ പല ഔഷധസസ്യങ്ങളെ തിരിച്ചറിഞ്ഞു എന്നുവരാം. പ്രസൂത ചെടികളെ ഇതരൻ ദിവസംപ്രതി കണ്ടും ചവുട്ടി ഒടിച്ചും നടന്നുപോകുന്നവനായിരുന്നാലും അവയുടെ സ്വഭാവത്തെപ്പറ്റിയോ അവയുടെ പ്രയോജനത്തെപ്പറ്റിയോ ലേശംപോലും അറിഞ്ഞില്ലെന്നു വരാം. സൂക്ഷിച്ചുനോക്കുകയും, സൂക്ഷ്മമായി ചിന്തിക്കയും സൂക്ഷിച്ചുസംസാരിക്കുകയും ചെയ്തയില്ലാത്തവർ നിരീക്ഷണം ചെയ്താൽ പല സംഗതികൾ ഒന്നായിട്ടോ, ഒരു സംഗതി പലതായിട്ടോ ഒരുസംഗതിയുടെ ഒരുഭാഗം അതിന്റെ മുഴുവനായിട്ടോ, അതേസംഗതിയുടെ മുഴുവൻഭാഗം അതിന്റെ ഒരംശമായിട്ടോ തെറ്റിധരിപ്പാൻ ഇടയുണ്ട്.

നിരീക്ഷണത്തിനു സൂക്ഷ്മദർശനവും സൂക്ഷ്മചിന്തയും എത്ര അത്യാവശ്യമാണോ അത്രയും അത്യാവശ്യമാണ് പരീക്ഷണത്തിനു മേല്പറഞ്ഞവയ്ക്കു പുറമേ ശാസ്ത്രവൈദഗ്ധ്യവും രസതന്ത്രസാമഗ്രികളും.

നിരീക്ഷണവും പരീക്ഷണവും ഒരേസമയത്തു ഒരേആളാൽ നിവർത്തിക്കാൻ സാമാന്യമായി സാധിക്കുന്നതല്ല. സാമാന്യന്മാരായ സൂക്ഷ്മദൃക്കുകൾ നിരീക്ഷണം ചെയ്യുകയും ശാസ്ത്രപടുക്കൾ നിരീക്ഷണസംഗതികൾ വച്ചുകൊണ്ടു പരീക്ഷണം നടത്തുകയും ചെയ്യുന്നതു കൂടുതൽ ഉപകാരപ്രദമായിരിക്കും.

ചാഴി, പുഴു മുതലായവയെപ്പറ്റി നമുടെ കർഷകന്മാർക്ക് ഏറെക്കുറെ അപൂർണ്ണമായി അറിയാം. മേല്പറഞ്ഞ ജന്തുക്കളുടെ ഉത്ഭവം, വളർച്ച, ജീവിതം, ആഹാരസമ്പാദനം, ശരീരസ്ഥിതി, ഓരോ അംഗത്തിന്റെയും പ്രവൃത്തി, ഉപയോഗം മുതലായവയെപ്പറ്റി സൂക്ഷ്മമായി നോക്കി മനസ്സിലാക്കി അടുത്തുള്ള കൃഷിഇൻസ്പെക്ടറന്മാരെ അറിയിക്കണമെന്നാവശ്യപ്പെട്ടാൽ, കർഷകന്മാർ അപ്രകാരം ചെയ്യുന്നതായിരിക്കും. എത്രയോ ആളുകൾ ചാഴി, പുഴു മുതലായവയെ കാണുകയും അവമൂലമുണ്ടാകുന്ന നാശഫലങ്ങൾ അനുഭവിക്കയും ചെയ്യുന്നുണ്ടെങ്കിലും, അവയെ സൂക്ഷ്മമായി നോക്കി അവയുടെ ആകൃതിപോലും അനുരൂപിപ്പിക്കത്തക്കവിധത്തിൽ മനസ്സിലാക്കിയിട്ടുള്ളവർ വളരെ ചുരുക്കമായിരിക്കും. അതിനാൽ മേല്പറഞ്ഞ ജന്തുക്കളെപ്പറ്റി നോക്കി മനസ്സിലാക്കുകയും അതിൽ നിന്നുള്ള ഫലങ്ങളെ രേഖപ്പെടുത്തുകയും ആണ് ആദ്യമായി ചെയ്യേണ്ടതു്. ഇതിലേക്കായി കൃഷി ഇൻസ്പക്ടർന്മാരും പൊതുപ്രമാണികളും തങ്ങളുടെ സമീപമുള്ള കർഷകന്മാരെ മീറ്റിംഗ് മുഖേന വിളിച്ചു കൂട്ടി അവർ മനസ്സിലാക്കിവച്ചിട്ടുള്ളതിനു തല്ക്കാലം രേഖപ്പെടുത്തുന്നതുംസമർത്ഥന്മാരായചിലരോടു സൂക്ഷ്മനിരീക്ഷണം ചെയ്തു ചെറിയ പ്രബന്ധങ്ങൾ എഴുതി അയക്കുന്നതിനു ആവശ്യപ്പെടുന്നതും പ്രയോജനകരമാകുന്നു. പ്രകൃതിപഠനം സംബന്ധിച്ചുള്ള അദ്ധ്യയനത്തിൽ അദ്ധ്യാപകന്മാർ മേൽ പറഞ്ഞ ജന്തുക്കളെപ്പറ്റി ബോധനം ചെയ്യുന്നതും അവയെപ്പറ്റി സൂക്ഷ്മാവലോകനം ചെയ്യുന്നതിനു വിദ്യാർത്ഥികളെ പ്രബോധിപ്പിക്കുന്നതും വളരെ നന്നായിരിക്കും. കോളേജു ക്ലാസ്സുകളിൽ സൈൻസ്സും ധനശാസ്ത്രവുംപ്രൈമറിക വിഷയങ്ങളാക്കി പഠിക്കുന്ന അദ്ധ്യേതാക്കളോടു പ്രസ്തുത സംഗതിയെപ്പറ്റി വെക്കേഷൻ കാലങ്ങളിൽ പരിശോധന നടത്തി റിപ്പോർട്ടു ചെയ്യുന്നതിനു ആവശ്യപ്പെട്ടാൽ അയതും ശാസ്ത്രീയ പരിശോധനയെ തുലോം സഹായിക്കുന്നതാണ്.

കൂടാതെ ചാഴി പുഴു മുതലായവയെ ഉദ്ദേശിച്ചു വല്ല പ്രതിവിധികളും നമുടെ പൂർവീകന്മാർ നടപ്പിൽ വരുത്തിയിട്ടുണ്ടോ എന്നും അന്വേഷിക്കുന്ന

തും ഗുണകരമാണ്. മഴുരിനിവാരണാർത്ഥം ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന കത്തി വെയ്ക്കുന്ന സമ്പ്രദായം കണ്ടുപിടിച്ചിട്ടുള്ളതു ഒരു ഇമ്മൻ കഗ്രാമത്തിലെ സാധുക്കളുടെ ഇടയിൽ പ്രചാരമായിരുന്ന ഒരചാരിഷ്ടത ആചാരത്തിൽ നിന്നാകുന്നു. പല ശദാബ്ദങ്ങളായി നടപ്പിൽ ഇരിക്കുന്നതും എന്നാൽ നമുക്കു നിരർത്ഥകങ്ങളെന്നു തോന്നുന്നതും ആയ പല ആചാരങ്ങളിൽ സാരതരങ്ങളായ ചില തത്വശകലങ്ങൾ ഒളിച്ചിരിപ്പാൻ ഇടയുണ്ട്. ചില സ്ഥലങ്ങളിൽ ചാഴിയുടെ ഉപദ്രവത്തെ തടുപ്പാൻ പഴുത്ത ഈന്തച്ചക്കയുടെ ഒരംശം കമ്പുകളിൽ കുത്തി വയലുകളിൽ പൊന്തിച്ചു നിറുത്തിവരുന്നതായി കാണുന്നുണ്ട്. ഇതുപോലെ വേറെയും പ്രതിവിധികൾ കാണുമായിരിക്കും. പഴുത്ത ഈന്തച്ചക്കയുടെ ശക്തിയേറിയ ഗന്ധമായിരിക്കാം ചാഴിയെ മർദ്ദിക്കാൻ ഉദ്ദേശിക്കുന്നത്. ഏതായാലും ശക്തിയേറിയ ദുർഗ്ഗന്ധം ചാഴിക്കു ഉപദ്രവകരമെന്നു അനുമാനിക്കാം.

ഈ രാജ്യത്തെ കർഷകന്മാരും കൃഷി ഇൻസ്പെക്ടറന്മാരും, പ്രിയർത്ഥികളും എന്നു വേണ്ട വിവേചനാശക്തി കുറഞ്ഞ എല്ലാവരും ചാഴി, പുഴു മുതലായ ദുഷ്ടജന്തുക്കളെപ്പറ്റി നിരീക്ഷണം ചെയ്യു നിരീക്ഷണഫലം രേഖപ്പെടുത്തി പ്രസ്തുത രേഖകൾ എല്ലാം ശേഖരിച്ചു കഴിഞ്ഞാൽ പരീക്ഷണം ക്ഷിപ്രസാധ്യവും ശാസ്ത്രീയമായ പരിശോധന വിദൂരമല്ലാത്ത ഭാവിയിൽ വിജയകരവും ആയി പര്യവസാനിപ്പാൻ ഇടയുണ്ട്. (തുടരും.)

മുട്ടാളപ്പട്ടാളം.

(തുടർച്ച)

(വി. എസ്. ആൻഡ്രൂ.)

മേത്യു സ്കൂളിൽ നിന്നും വന്നു നോക്കിയതിൽ ഉറുപ്പികയും മോതിരവും കാണാഞ്ഞതു നിമിത്തം അതെടുത്തുകൊണ്ടു തന്റെ സഹോദരൻ എവിടെയോ പോയതാണെന്നു തന്നെ അനുമാനിച്ചിട്ടു വിവരം കമ്പിമൂലം വീട്ടിലേക്കു അറിയിച്ചു, പിറ്റേപ്പോസ്റ്റുപ്യൂണ് കമ്പിക്കുടലാസ് നോക്കീട്ടു കുറേനേരം മൌനമായിരുന്നതിന്റെ ശേഷം ഇങ്ങനെ പറഞ്ഞു:—അവൻ ലോകം എന്താണെന്നറിഞ്ഞു മടങ്ങിവരട്ടെ. നാം വ്യസനിക്കേണ്ട പ്രായം കഴിഞ്ഞുപോയി. ചിലപ്പോൾ ഈ സംഭവം അവന്റെ നന്മയ്ക്കായും പരിണമിച്ചേക്കാം. എന്നിങ്ങനെ അഭിപ്രായപ്പെടുകയും മേത്യുവിന്റെ പേക്കു് താഴെകാണുന്ന വിധത്തിൽ ഒരു മറുപടിക്കമ്പി അയക്കയും ചെയ്തു.

Regrat Ptere's futer. Dont be dejected. Remeting Rs. 300 Ring follows. P. Philip.

പീറ്ററിന്റെ യാത്രാവിവരം ശങ്കരനു മനസ്സിലായതു രണ്ടുദിവസം കഴിഞ്ഞിട്ടായിരുന്നു. അറിഞ്ഞമാത്രയിൽ "ഓ! ഒരു കുരുന്നുമായിപ്പോയി; ഇനി ഊരൊറപ്പിച്ചു നിൽക്കാം" എന്നിങ്ങനെ പറഞ്ഞു സന്തോഷിച്ചുവെങ്കിലും, തന്റെ നേർച്ചയുടെ ശക്തികൊണ്ടാണു് മേത്യു പോവാൻ സംഗതിയായതെന്നു വിചാരിക്കുമ്പോൾ സാധുപ്രകൃതിയായ അവനു സന്താപവും ഉണ്ടാകാതിരുന്നില്ല.

പീറ്റർ പൊന്നാനിയിൽ എത്തിയതിന്റെ ശേഷം ഒരു വ്യാപാരത്തിൽ ആസക്തിതോന്നി അതിൽ ഏർപ്പെടുകയും മൂന്നുമാസത്തിനുള്ളിൽ 200 ക. യോളം നഷ്ടപ്പെടുത്തുകയും ചെയ്തു. ഇതുമായപ്പോൾ കച്ചവടത്തിന്റെ മോഹം ഒട്ടു ശമിച്ചു. പിന്നീടു തന്റെ ശ്രദ്ധയെ ആകർഷിച്ചതു് ഒരു സർക്കസ്സുകമ്പനിയായിരുന്നു.

അതിൽ ചേർന്ന് ക്ലറെനാൽ കഴി ഞ്ഞപ്പോൾ വിരാത്തി തോന്നി, കവ നിമാനേജരുമായി വഴക്കിട്ട് ഒരു നാടകക്കമ്പനിയിൽ ചേർന്നു. അവ രോടുകൂടെ ഒന്നര ഒല്ലത്തോളം അ ലഞ്ഞു തിരിഞ്ഞു അതിലു: മുങ്ങി. കയ്യിലുണ്ടായിരുന്ന ഉറുപ്പിക മിക്ക വാറും ചെലവായി. ഇനി നിത്യവൃ ത്തി കഴിച്ചുകൂട്ടത്തക്ക വിദ്യയൊന്നു വശമാക്കിയില്ലെങ്കിൽ ഗത്യന്തരമി ല്ലെന്നായി. സംഗീതം നല്ലതാണെ ന്നു് ആലോചിച്ചു തീർച്ചപ്പെടുത്തിട്ട് തൃശ്ശിനാപ്പള്ളിയിൽ എത്തി ഒരു ഭാ ഗവതരുടെ ശിഷ്യനായി അവിടെ കു റെനാൾ കഴിച്ചുകൂട്ടി. ഒരിക്കൽ ഗുരു വും ശിഷ്യനും തമ്മിൽ പഠനവിഷ യം സംബന്ധിച്ചു് പ്രക്ഷോഭജനക മായ ഒരു സംഭാഷണം ഉണ്ടായി. ഒ ടുവിൽ അദ്ധ്യാത്മാവും അദ്ധ്യാപക നും കൂടെ ഉരുട്ടിപ്പിടിക്കയും സംഗീ താഭ്യസനം അന്നോടെ അവസാനി ക്കയും ചെയ്തു. ഇതിനുള്ളിൽ മോ തിരം വിറ്റു കഴിഞ്ഞിരുന്നു. അതി ന്റെ വിലയായി ലഭിച്ച 75 രൂപയിൽ 40-ം ചെലവായിപ്പോയി. പിന്നീ ടു് അംബാസമുദ്രത്തുകാരൻ ഒരു ഭാ ഗവതർ ചിറ്റൂരു വന്നു താമസിച്ച പ്രതിഫലം കൂടാതെ സംഗീതം അഭ്യ സിപ്പിക്കുന്നുണ്ടെന്നു് അറിവു കിട്ടുക യാൽ അവിടെയ്ക്കു യാത്രയായി. ഭാ ഗവതരെ കാണാൻ സാധിച്ചില്ല എ ങ്കിലും തന്നെ അനുകരിക്കുന്ന സ്വ ഭാവത്തോടുകൂടിയവരായ ഏതാനും വിദ്യാർത്ഥികളുടെ പരിചയം സമ്പാ ദിച്ചു. അലസന്മാരായ ഈ വിദ്യാ ർത്ഥികൾ സ്കൂളിൽ ക്രമമായി പോ കാതെ വീട്ടിൽ നിന്നും അയക്കുന്ന പണം ധൂർത്തടിച്ചുകൊണ്ടു് ഇംഗ്ലീ ഷിന്റെ ഗന്ധം ഏല്ക്കുന്നതിനായി മാത്രം അലഞ്ഞുതിരിയുന്നവരായിരു ന്നു. ഇത്തരക്കാരുടെ ആകൃതിയും പ്ര കൃതിയും മിക്കവക്കും സുപരിചിതമാ യിരിക്കുമെന്നുള്ളതിനാൽ ഇവിടെ വിസ്തരിക്കുന്നില്ല. നമ്മുടെ പീറ്ററി ന്റെ നമ്മുസുഹൃത്തുകളായിത്തീർന്നവ രിൽ ഒരുത്തന്റെ പേർ ജോർജ്ജു് എന്നും മറെറാരുത്തന്റെ പേർ ജോ ൻ എന്നും ആയിരുന്നു. ഇവരിൽ ഒരാൾ സെക്കൻഫാറത്തിലും അന്യ ൻ ഫസ്റ്റ് ഫാറത്തിലും പഠിച്ചിരുന്നു എങ്കിലും സ്കൂളിൽ ചിലപ്പോൾ മാ ത്രമേ പോകാറുണ്ടായിരുന്നുള്ളു. ര ണ്ടുപേരും നാട്ടുംപുറത്തുനിന്നു് വി ദ്യാഭ്യാസത്തിനായി വന്നു താമസി ക്കുന്നവരും പീറ്ററിന്റെ സമവയ സ്കന്മാരുമായിരുന്നു. സ്നേഹിത ന്മാർ മൂന്നുപേരും കൂടി ഓരോ വി ശേഷങ്ങൾ പറഞ്ഞുകൂട്ടത്തിൽ ജോ ർജ്ജു് ഇങ്ങനെ പുലമ്പി. ഐസെ! ഇപ്പോഴത്തെ സബ്ജറ്റ്സ് എ ല്ലാം എന്തൊരു ഡിഫിക്കൽട്ടാണ്. മൈഗോഡ്! എങ്ങനെ ഇതെല്ലാം തലയിൽ നിറുത്തും. ജോൺ അതി നെ പിന്താങ്ങി "അക്കായ്ത്തിൽ ഞാനും അല്പമബിൾ ആകയാൽ സ്റ്റഡി സ്റ്റോപ്പ് ചെയ്യുകിലൊ എന്നു വിചാരിക്കാറുണ്ടു്. എന്നും മറ്റും ശ്ര ദ്ധപാലക്കാടൻ തമിഴിന്റെ രീതിയി ൽ പത്തിരു എട്ടും ഇംഗ്ലീഷു വാക്കു ചേർത്തു പ്രസംഗിച്ചു. അനന്തരം മൂ ന്നുപേരുടെയും "ഫ്രൻഡ്ഷിപ്പ് സ്റ്റാർട്ടിങ്ങിനായി" (സ്നേഹം ഉറപ്പി ക്കാൻ) എന്തെങ്കിലും സപ്പല്ലം "ഡിർ ങ്കു് ചെയ്യാൻ" (കുടിക്കാൻ) തീരുമാ നിച്ചിട്ടു് അടുത്തുണ്ടായിരുന്ന ചാരാ യക്കടയിൽ ചെന്നു കയറി. വേണ്ട തെടുത്തു് മൂന്നുപേരും മൂന്നു ഹന്യമാ ന്മാരായി വെള്ളിയിൽ വന്ന പല ഗോ ഷ്ടികൾ കാട്ടുവാൻ തുടങ്ങി. യാദൃശ്ചി കമായി ആ വഴിയെ വന്ന ഗ്രണ്ടൻ ചെട്ടി പീറ്ററിനെ കണ്ടറിഞ്ഞിട്ടു് "തനിക്കു് കള്ളുതിന്നതു് ഏപ്പാളി ത്തമല്ലേ" എന്നും മറ്റും ശാസിപ്പാ ൻ ആരംഭിച്ചു. മധുമത്തനായ പീ റ്ററർ "ഫിടിശ്ശോളിൻ ഫലശ്ശേഠി യെ" എന്നു ഗർജ്ജിച്ചുകൊണ്ടു് സാ ധുവായ ഗ്രണ്ടൻചെട്ടിയെ കഠിനമാ യി ഇടിക്കയും അടിക്കയും മറ്റും ചെ യ്തു. അടുത്ത ദിവസം തന്നെ ചി റ്റൂരു 2-ംക്ലാസ്സു മജിസ്ട്രേട്ടുകോടതി യിൽ ഗ്രണ്ടൻചെട്ടി അന്യായം ബോ ധിപ്പിച്ചു. പീറ്ററിനു സുബോധം വന്നപ്പോൾ ചെയ്തുപോയ അകൃത ത്തെപ്പറ്റി പശ്ചാത്താപം ഉണ്ടായ

കൈവശം ഉണ്ടായിരുന്ന പണം തീർന്നുപോയതിനാൽ അരയിൽ ധരിച്ചിരുന്ന സ്വർണ്ണംകൊണ്ടുള്ള അരഞ്ഞാൺ വിറ്റു കൈയിസു നടത്തേണ്ടിവന്നു. പീറ്ററിന്റെ കൈയിസ് വിചാരണ മുറയ്ക്കു നടന്നിട്ട് വിധിപ്രസ്താവിക്കുന്ന ദിവസമായ അന്നു ശ്രദ്ധേയമായ രണ്ടു പുതിയ ചാർജ്ജ് കൈയിസ്സുകൂടെ കോടതിയിൽ വന്നുചേർന്നു.

അതിൽ ഒന്നു പീറ്ററിന്റെ സ്നേഹിതന്മാരിൽ ഒരുത്തനായ ജോൺ തെങ്ങിൽ കയറി തേങ്ങാ മോഷ്ടിച്ചതും, മറ്റൊന്നു ജോർജ്ജു കുപ്പത്തോട്ടത്തിൽ കയറി കുപ്പ മോഷ്ടിക്കുമ്പോൾ കണ്ടുപിടികൂടിയ ഉടമസ്ഥനായ ഒരു വൃദ്ധനെ കത്തിമുറിവേൽപ്പിച്ചതുമായിരുന്നു. മജിസ്ട്രേട്ട് പ്രതികളെ അത്ഭുതത്തോടുകൂടെ നോക്കിട്ട്, രണ്ടു പേരോടും ചില ചോദ്യങ്ങൾ ചോദിച്ചു. അവർ വിദ്യാർത്ഥികളാണെന്നും, ധാരാളം സമ്പത്തുള്ള കുടുംബത്തിലെ അംഗങ്ങളാണെന്നും മനസ്സിലാക്കി, അനന്തരം അദ്ദേഹം ഹൃദയാകർഷകവും അത്യന്തം സാരഗർഭവുമായ ഒരു പ്രസംഗം ചെയ്തു. അതിൽ സമ്പാദ്യനടത്തയെ അവഗണിച്ച് താന്തോന്നികളായി നടക്കുന്ന വിദ്യാർത്ഥികളുടെ ക്രമരഹിതമായ ജീവിതരീതിയെ കഠിനമായി ആക്ഷേപിച്ചും, തന്റെ പരിമിതമായ ഈ ഉദ്യോഗകാലത്തിനിടയിൽ തന്നെ അത്യന്തം ലജ്ജാകരമായ കൈയിസുകളിൽ പ്രതികളായി പല വിദ്യാർത്ഥികളെ വിസ്തരിക്കുവാൻ തനിക്കു നിർഭാഗ്യമുണ്ടായിട്ടുണ്ടെന്നും, നാട്ടിനും സമുദായത്തിനും പൊതുവിൽ അപമാനകാരണമായിത്തീർന്നിട്ടുള്ള ഇത്തരക്കാർ സാക്ഷാൽ ഒരു "മുട്ടാളപ്പട്ടാളം" തന്നെ എന്നും മറ്റും സയുക്തികമായി പ്രസ്താവിച്ചതിന്റെ ശേഷം പീറ്ററിനു ഒരുമാസത്തെ തടവും 50 ക. പിഴയും ശിക്ഷ വിധിച്ചു. ക്ഷണത്തിൽ അയാളെ കാരാഗൃഹത്തിലേയ്ക്കു കൊണ്ടുപോകപ്പെട്ടു. അയാൾ അവിടെ കിടന്നു പലതും ചിന്തിക്കയും അയാളുടെ ജീവിതയാത്രയെ പല വിധത്തിൽ ശപിക്കയും ചെയ്തു. തന്റെ വാത്സല്യസഹോദരനും മത്തായിക്കുഞ്ഞിന്റെ സദുപദേശങ്ങളെ വകവയ്ക്കാതിരുന്നതും ക്ഷമയോടുകൂടി വായിച്ചു പഠിക്കാതിരുന്നതും തന്നിമിത്തം സംഭവിച്ച ആപത്തുകളും സാവധാനം ആലോചിച്ചു ശപിച്ചു തുടങ്ങി. തന്റെ കുടുംബത്തിനു താൻ വരുത്തിയ അവഹേളനത്തെക്കുറിച്ചു ലജ്ജിച്ചു. മാതാപിതാക്കന്മാരെയും സഹോദരൻ മത്തായിക്കുഞ്ഞിനെയും വിചാരിച്ചു കരഞ്ഞു. ചുരുക്കിപ്പറഞ്ഞാൽ പീറ്ററിന്റെ ആകൃതിയും പ്രകൃതിയും കുറെ ദിവസങ്ങൾക്കകത്തിൽ അത്യന്തം ഭേദപ്പെട്ടുപോയി.

അയാളെ വിധിച്ചിട്ടു് ഇപ്പോൾ ദിവസം മുപ്പതായി. പിഴ അടച്ചിട്ടില്ലായതുകൊണ്ടു് അതിനുവേണ്ടി കുറെനാൾ കൂടെ അയാൾ ജയിൽവാസം അനുഭവിച്ചേ മതിയാവൂ. മുപ്പതാംദിവസം മജിസ്ട്രേട്ട് കോർക്കുടെ ഗൌരവഭാവത്തിൽ ജയിലിൽവന്നിട്ടു് സൂക്ഷിപ്പുകാരനോടു് പീറ്ററിനെ കൂട്ടിക്കൊണ്ടു വരുവാൻ ഉത്തരവായി. അയാൾ വന്നപ്പോൾ മജിസ്ട്രേട്ട് തന്റെ ഉടുപ്പിന്റെ കീശയിൽ നിന്നും ഒരു കടലാസെടുത്തു നോക്കീട്ടു് ഇങ്ങനെ ചോദിച്ചു.

മജി—പ്ലാശ്ശേരിവീട്ടിൽപീലിപ്പോസു പീറ്റർ നിങ്ങൾതന്നെയല്ലേ?

പീ—ഉത്തരവു്. ആ നിർഭാഗ്യൻ ഞാൻ തന്നെ.

മജി—നിങ്ങളുടെ പേരിൽ ഒരു കളവു ചാർജ്ജുകൂടെ വന്നിട്ടുണ്ടു്.

പീ—അയ്യോ! യജമാനനെ! ഞാൻ ഇതേവരെ ഒന്നുംതന്നെ മോഷ്ടിച്ചിട്ടില്ലല്ലോ.

മജി—എന്തു്? മോഷ്ടിച്ചിട്ടില്ലെന്നോ? നിങ്ങൾ മദ്രാസിൽ എപ്പോഴെങ്കിലും താമസിച്ചിരുന്നോ?

പീ—ഉത്തരവു്. അഞ്ചാറുകൊല്ലത്തിനു മുമ്പു് താമസിച്ചിരുന്നു.

മജി—ശരി. അവിടെവച്ചു 300 ക യും ഒരു വജ്രമോതിരവും മോഷ്ടിച്ചില്ലേ?

പീ—ക്ഷമിക്കണെ യജമാനനെ! ശരിയാണു്. ഞാൻ ഇപ്പോൾ ഓർമ്മി

ച്ചു. അവിടന്നു് ദയവായി മരണപര്യന്തം തടവുശിക്ഷ തന്നെ എനിക്കു വിധിച്ചുകൊൾക. ഞാൻ അത്രയ്ക്കു ദ്രോഹിയാണു്. അത്യാവശ്യത്തിനു് അയച്ചിരുന്ന 300ക. മാത്രമല്ല ആ പരമഭാഗ്യവാന്റെ പാരിതോഷികം—ആ പരിശ്രമശീലനായ പുത്രന്റെ പ്രിയചിതാവു നൽകിയ സംഭാവനത്തെ ഇന്നിചർ അപഹരിച്ചുകളഞ്ഞു. (ഗദ്ഗദത്തിൽ കണ്ണുനീർ തുകീട്ടു്) ഹാ! സൌഭാഗ്യവാനായ സഹോദരാ! പരമസാധുവായ മത്തായിക്കുഞ്ഞേ! സപ്തതികോമളമായ നിന്റെ ആ ഓമനമുഖത്തു് ഈ ദുഷ്ടൻ അടിക്കുകൂടിച്ചെയ്തല്ലോ.

ഇതുയും പറഞ്ഞു തീരുന്നതിനു മുമ്പായിത്തന്നെ "കൊച്ചേട്ടാ! എന്റെ കൊച്ചേട്ടാ! ആ നിർഭ്ഭയനായ സഹോദരൻ മത്തായിക്കുഞ്ഞു ഞാൻ തന്നെയാണു്" എന്നിങ്ങനെ ഇടനെഞ്ചു പൊട്ടിപ്പറഞ്ഞുംകൊണ്ടു് മജിസ്ട്രേട്ടു് പീറ്ററിന്റെ പാദത്തിൽ വീണതും, "അയ്യോ! ഇതെന്റെ മത്തായിക്കുഞ്ഞാണോ?" എന്നു അതേസമയത്തിൽ ഉച്ചരിച്ചുകൊണ്ടു് ആ ജയിൽപ്പള്ളി മജിസ്ട്രേട്ടിനെ വാരിയെടുത്തു മാറോടണച്ചതുംകണ്ടിച്ചുകഴിഞ്ഞു.

അനന്തരം ആ സൌഹാർദ്ദമുള്ള സഹോദരന്മാർ തമ്മിൽ നടത്തിയ സന്തോഷസന്താപസമ്മിശ്രങ്ങളായ സംഭാഷണങ്ങളെ ഈ ചെറുകഥയിൽ തുടരാൻ നിവൃത്തിയില്ലാത്തതുകൊണ്ടു്, ഈ കാലത്തിനിടയിൽ മേത്തൃ ബി. എ. ബി. എൽ. ഉന്നാക്കാസിൽ ജയിച്ചതും ഹജൂരിൽ ആറുമാസത്തേയ്ക്കു് ക്ലർക്കായിരുന്നതിന്റെ ശേഷം ചിറ്റൂർ രണ്ടാംക്ലാസു മജിസ്ട്രേട്ടായി നിയമിതനായതും രണ്ടാളും വീട്ടിലേക്കു പോയി മാതാപിതാക്കന്മാരെ കണ്ടതും ഇതിനിടെ ശങ്കരൻ കുറേശ്ശേ എഴുതുവാനും വായിക്കാനും പഠിച്ചു പ്ലാശ്ശേരിവീട്ടിലെ കായ്യസ്ഥനായി തീർന്നതും മാത്രം രത്നച്ചുരുക്കമായി പ്രസ്താവിച്ചുകൊള്ളുന്നു.

വിവിധവിഷയങ്ങൾ.

മൂന്നു കൊല്ലത്തിനകം നാഗരുകോവിൽ മുതൽ ആലുവാവരെ തീവണ്ടി നടപ്പാക്കാൻ ഇടയുള്ളതായി കാണുന്നു.

തൃശ്ശൂർമിസ്സത്തിന്റെ വികാരിഅപ്പസ്തോലിക്കായായി നിയമിക്കപ്പെട്ടിരിക്കുന്ന മോൺസിഞ്ഞോർ പ്രാൻസിസ്സു് വാഴപ്പള്ളി അവർകളുടെ ഔത്രാഭിഷേകകർമ്മം അടുത്ത ജൂലായി 5-ാംനു- തൃശ്ശൂർവെച്ചു് നടക്കുന്നതാണെന്നു് അറിയുന്നു.

അമേരിക്കയിൽ ബാൾട്ടിമോറിലെ ആർച്ചു ബിഷോപ്പും വിശ്വവിഖ്യാതനുമായ ഗിബൺസു് കർദ്ദിനാൾ അവർകൾ ഇക്കഴിഞ്ഞ മാർച്ചു് മാസം 25-ാംനു- തന്റെ 87-ാമത്തെ വയസ്സിൽ കാലം ചെയ്തിരിക്കുന്ന വിവരം അറിഞ്ഞു ഞങ്ങൾ വ്യസനിക്കുന്നു.

R. I. P.

കല്ലൂശ്ശേരി, റാന്നി മുതലായ സ്ഥലങ്ങളിലെ യാക്കോബായ (തെക്കുംഭാഗം) സ്ഥിയാനിക്കാരും തങ്ങളുടെ സംബന്ധികളുമായ ജനങ്ങളുടെ ക്ഷണം പ്രമാണിച്ചു് അവരെ സന്ദർശിക്കുന്നതിനായി കോട്ടയംമിസ്സത്തിന്റെ വികാരിഅപ്പസ്തോലിക്കാ ഡോക്ടർ അലക്സാണ്ടർ ചൂളപ്പറമ്പിൽ അവർകൾ ഈയിട അവിടേക്കു സക്കീട്ടു പോകയും, റാന്നിയിൽവെച്ചു് ആദിഗപാസികൾ തന്നെ ആഘോഷപൂർവം സ്വീകരിക്കയും മംഗളപത്രം ആദിയായവകളാൽ തന്നെ അനുമോദിക്കയും ചെയ്തുണ്ടായി. ഇദ്ദേഹം റാന്നിയിൽ ഒരാഴ്ചവരെ താമസിച്ചശേഷം അവിടെ നിന്നു് തിരിച്ചുവരുന്നവഴി വീണ്ടും കല്ലൂശ്ശേരിൽ എത്തുകയും അവിടെ നിന്നു തിരിച്ചു വെള്ളിയാഴ്ചു മുതലായ സ്ഥലങ്ങൾ സന്ദർശിച്ചശേഷം തിരിച്ചു കോട്ടയത്തു് എത്തുകയും ചെയ്തിരിക്കുന്നു.